## അനുബന്ധം-1

**പി.എസ്.സി.-ക്കെതിരായ അപഖ്യാതി തടയലും ഉദ്യോഗാർഥികളുടെ ആശങ്ക ക്രമീകരിക്കലുമായി ബന്ധപ്പെട്ട് ശ്രീ. ഐ. ബി. സതീഷ് എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി നൽകിയ മറുപടി**

യൂണിയൻ പബ്ലിക് സർവീസ് കമ്മീഷനും വിവിധ സംസ്ഥാനങ്ങളിലെ പബ്ലിക് സർവീസ് കമ്മീഷനുകളും മുഖേന നടത്തുന്ന നിയമന ശിപാർശകൾ കണക്കിലെടുക്കുമ്പോൾ അവയിൽ പകുതിയിലേറെയും കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയാണ് നടത്തുന്നത്. സുതാര്യമായും കാര്യക്ഷമതയോടെയും സമയബന്ധിതമായും നിയമനങ്ങൾ നടത്തുന്നതിലൂടെ രാജ്യത്തിനുതന്നെ മാതൃകയായ കേരള പബ്ലിക് സർവീസ് കമ്മിഷനെതിരെ അപകീർത്തികരമായ ചില പ്രചാരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രചാരണങ്ങൾക്കെതിരെ കമ്മിഷൻ അതത് സമയം നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

2023 മുതൽ വാർഷിക പരീക്ഷാ കലണ്ടർ മുൻകൂർ പ്രസിദ്ധീകരിച്ചുകൊണ്ടാണ് നിയമന നടപടികൾ നടത്തിവരുന്നത്. ഇത് ഉദ്യോഗാർഥികൾക്ക് പരീക്ഷയ്ക്ക് മുൻകൂട്ടി തയ്യാറെടുപ്പ് നടത്താൻ സഹായകമായിട്ടുണ്ട്. പരീക്ഷ കഴിഞ്ഞാലുടൻ ഉത്തരസൂചിക പ്രസിദ്ധീകരിച്ച്

പരാതികളുണ്ടെങ്കിൽ അവകൂടി പരിശോധിച്ച് അന്തിമ ഉത്തരസൂചിക പ്രസിദ്ധീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മൂല്യനിർണ്ണയം നടത്തുകയും ചെയ്തുവരുന്നു. റാങ്ക് പട്ടികകൾ, നിയമന ശിപാർശകൾ എന്നിവയിൽ പിശകുകൾ ഉണ്ടാകാതിരിക്കാൻ കുറ്റമറ്റ സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

ഒരു കലണ്ടർ വർഷമുണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് മുൻകൂട്ടി റിപ്പോർട്ട് ചെയ്യണമെന്ന കർശന നിർദേശം എല്ലാ നിയമനാധികാരികൾക്കും നൽകിവരുന്നുണ്ട്. റാങ്ക് പട്ടികയിലെ ഉദ്യോഗാർഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലല്ല, മറിച്ച് ഒഴിവുകളുടെ അടിസ്ഥാനത്തിലാണ് റാങ്ക് പട്ടികകളിൽ ഉൾപ്പെടുന്നവർക്ക് നിയമന ശിപാർശകൾ നൽകുന്നത്. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിലൂടെ എല്ലാ റാങ്ക് പട്ടികകളിൽനിന്നും പരമാവധി നിയമനം നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്. ഒഴിവുണ്ടായിരുന്നിട്ടും പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്യാത്ത സാഹചര്യം നിലവിലില്ല.

കേരളാ പി.എസ്.സി.-യുടെ പ്രവർത്തനം കുറ്റമറ്റ രീതിയിലും യാതൊരു ആശങ്കയ്ക്കും ഇടനൽകാത്ത തരത്തിലും തന്നെയാണ് നടന്നുവരുന്നത്.

ഇക്കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ്) വകുപ്പ് ആവശ്യമായ പരിശോധനകളും നടത്തിവരുന്നു.

## അനുബന്ധം-2

**അരൂർ, പെരുമ്പളം, കാക്കത്തുരുത്ത് ദ്വീപുകളിൽനിന്നും ജലമെട്രോ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീമതി ദലീമ എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി നൽകിയ മറുപടി**

ജലഗതാഗത മേഖലയിൽ പുതുചരിത്രം കുറിച്ച രാജ്യത്തെ ആദ്യത്തെ ജല മെട്രോയാണ് കൊച്ചി വാട്ടർ മെട്രോ. സുസ്ഥിര ജലഗതാഗത രംഗത്ത് രാജ്യത്തിന് മാതൃകയാണ് പരിസ്ഥിതി സൗഹൃദമായ ഈ പദ്ധതി.

കൊച്ചിയിലെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 2016 ജൂലൈയിൽ തുടക്കംക്കുറിച്ച ഈ പദ്ധതി 2023 ഏപ്രിലിൽ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞു.

കൊച്ചിയുടെ പ്രാന്തപ്രദേശങ്ങളിലുള്ള 10 പ്രധാന ദ്വീപുകളെ കൊച്ചി നഗരവുമായി ബന്ധിപ്പിക്കുന്നതിന് ഇടക്കൊച്ചി മുതൽ വരാപ്പുഴ വരെയും കാക്കനാട് മുതൽ വൈപ്പിൻ എളങ്കുന്നപ്പുഴ വരെയുമുള്ള 38 ടെർമിനലുകൾ ഉൾപ്പെടുന്നതാണ് കൊച്ചി ജലമെട്രോ.

തുടർച്ചയായി ഒരു മണിക്കൂർ പ്രവർത്തിക്കുന്നതിനുവേണ്ടിയുള്ള ബോട്ടുകളാണ് നിലവിൽ രൂപകൽപന ചെയ്തിട്ടുള്ളത്. പെരുമ്പളം, കാക്കത്തുരുത്ത് ദ്വീപുകളിൽനിന്നും എറണാകുളം വൈറ്റില മേഖലകളിലേക്ക് ഒരു മണിക്കൂറിൽ കൂടുതൽ യാത്രാസമയം വേണ്ടതിനാൽ അവിടെനിന്നും ജലമെട്രോ സർവീസ് ആരംഭിക്കുന്നത് പരിഗണനയിലില്ല.

## അനുബന്ധം-3

### വിമാന യാത്രാക്കൂലി വർധനയുമായി ബന്ധപ്പെട്ട് ശ്രീ. പി. ടി. എ റഹീം എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി നൽകിയ മറുപടി

ഹജ്ജ് തീർത്ഥാടകരിൽനിന്നും ഉത്സവ/അവധിക്കാലത്തും മറ്റും നാട്ടിലെത്തുന്ന പ്രവാസി കേരളീയരിൽനിന്നും വിമാനക്കമ്പനികൾ വൻതുക ടിക്കറ്റ് നിരക്കായി ഈടാക്കിവരുന്നുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ അഭ്യർഥിച്ച് ബഹുമാനപ്പെട്ട കേന്ദ്ര വ്യോമയാനമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ പാർലമെന്റിന്റെ മൺസൂൺ സമ്മേളനത്തിന് മുന്നോടിയായുള്ള എം.പി.-മാരുടെ യോഗത്തിലും ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ട്.

വിമാന യാത്രാനിരക്കുകൾ നിശ്ചയിക്കുന്നതും അത് പരിഷ്കരിക്കുന്നതും വിമാനക്കമ്പനികളാണെന്നും ഇവരുടെ വാണിജ്യ-വിപണന പ്രവർത്തനങ്ങളിൽ സർക്കാർ ഇടപെടാറില്ല എന്നുമാണ് കേന്ദ്ര സർക്കാരിന്റെ നിലപാട്.

വിമാന യാത്രാനിരക്കുകൾ നിശ്ചയിക്കുന്നതിനുള്ള നിയന്ത്രണം 1994-ൽ കേന്ദ്ര സർക്കാർ എടുത്തുകളഞ്ഞതിലൂടെ വിമാന കമ്പനികൾക്ക് സ്വന്തം നിലയിൽ നിരക്ക് നിശ്ചയിക്കാൻ സ്വാതന്ത്ര്യം നൽകിയിരിക്കുകയാണ്. വിമാന ടിക്കറ്റ് നിരക്ക് കുറയ്ക്കുന്നതിൽ കേന്ദ്ര സർക്കാരിൽ തുടർന്നും സമ്മർദ്ദം ചെലുത്തുന്നതാണ്.

## അനുബന്ധം-4

<u>പടന്നക്കാട് മേൽപ്പാലം - വെള്ളരിക്കുണ്ട് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീ. ഇ. ചന്ദ്രശേഖരൻ എം.എൽ.എ.-യുടെ സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടി</u>

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതിയായ പടന്നക്കാട് മേൽപ്പാലം - വെള്ളരിക്കുണ്ട് റോഡ് പ്രവൃത്തിക്കായി 10-07-2017-ലെ G.O (Rt) No. 942/2017/PWD പ്രകാരം 60 കോടി രൂപയുടെ ഭരണാനുമതി തത്വത്തിൽ ലഭിച്ചിട്ടുണ്ട്. കെ.ആർ.എഫ്.ബി-യാണ് പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി. കെ.ആർ.എഫ്.ബി

സമർപ്പിച്ച DPR പരിശോധിച്ച് പ്രസ്തുത പ്രവൃത്തിയുടെ ഒന്നാം ഘട്ടമായി പുളിക്കൽ പാലം, ആനപ്പെട്ടി പാലം, ബാനം കലുങ്ക് എന്നിവയ്ക്ക് 26-02-2021-ൽ കിഫ്ബിയുടെ PWD 015-102/APR-2/2021/KIIFB എന്ന ഉത്തരവ് പ്രകാരം 7.27 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 19-09-2022-ൽ 9.37 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. കെ.ആർ.എഫ്.ബി.-യിൽനിന്നും ലഭിച്ച വിവരപ്രകാരം 10-01-2022-ൽ 8.90 കോടി രൂപയുടെ സാങ്കേതികാനുമതി ലഭ്യമായ പ്രവൃത്തി നിലവിൽ പുരോഗമിച്ചുവരികയാണ്. ഇതിൽ പുളിക്കൽ പാലത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ആനപ്പെട്ടി പാലം, ബാനം കലുങ്ക് എന്നിവയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

രണ്ടാം ഘട്ടമായി റോഡ് പ്രവൃത്തിയുടെ സാമ്പത്തികാനുമതിക്കുവേണ്ടി പുതിയ എസ്റ്റിമേറ്റ് 11-10-2022-ൽ കിഫ്ബിയിൽ കെ.ആർ.എഫ്.ബി. സമർപ്പിച്ചിരുന്നു. എന്നാൽ പാലങ്ങളുടെ പണികൾ പൂർത്തിയാക്കുന്നമുറയ്ക്ക് സാമ്പത്തികാനുമതിക്കായി പരിഗണിക്കാവുന്നതാണെന്ന് കിഫ്ബിയിൽ നിന്ന് അറിയിച്ചുകൊണ്ട് 13-10-2022-ൽ എസ്റ്റിമേറ്റ് മടക്കി നൽകിയിട്ടുണ്ട്. എന്നാൽ ആദ്യ 3 കിലോമീറ്റർ ഭാഗത്ത് റോഡ് വികസനത്തിനാവശ്യമായ സ്ഥലം

സൗജന്യമായി ലഭ്യമാക്കാൻ സാധിച്ചിട്ടില്ലെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.ആർ.എഫ്.ബി - പി.എം.യു., കാസർഗോഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥല ലഭ്യത ഉറപ്പുവരുത്തിയശേഷം റോഡ് നിർമ്മാണത്തിന്റെ DPR കിഫ്ബിയിലേക്ക് കെ.ആർ.എഫ്.ബി സമർപ്പിക്കുന്നമുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

## അനുബന്ധം-5

<u>ഇടുക്കി പാക്കേജുമായി ബന്ധപ്പെട്ട് ശ്രീ. എ. രാജ എം.എൽ.എ.-യുടെ സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടി</u>

ഇടുക്കി വികസന പാക്കേജിനായി 2025-26 സാമ്പത്തിക വർഷത്തേക്ക് ആകെ 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മൂലധന ശീർഷകത്തിൽ (4575-60-800-96-PV) 70 കോടി രൂപയും റവന്യൂ ശീർഷകത്തിൽ (2575-60-800-92-PV) 5 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. ഇവ സംബന്ധിച്ച വിശദാംശങ്ങൾ Detailed Budget Estimate Vol. II - Page No.554, 575,

പദ്ധതി രേഖ പേജ് നം.119 എന്നിവയിൽ കാണാവുന്നതാണ്. ബജറ്റിൽ തുക ഉൾപ്പെടുത്തുന്ന എല്ലാ വിഷയങ്ങളുടെയും/പദ്ധതികളുടെയും വിശദാംശങ്ങൾ ബജറ്റ് പ്രസംഗത്തിൽ പരാമർശിക്കാറില്ല. പ്രസ്തുത പാക്കേജിനായി 2022-23 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിലും 75 കോടി രൂപ വീതം ബജറ്റിൽ വകയിരുത്തിയിരുന്നു.

## അനുബന്ധം-6

**എഴുത്തോംപാറ പാലം നിർമ്മാണം സംബന്ധിച്ച് ശ്രീമതി ശാന്തകുമാരി കെ. നൽകിയ സബ്മിഷന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി**

കോങ്ങാട് നിയോജകമണ്ഡലത്തിലെ എഴുത്തോംപാറ പാലത്തിന് 16-06-2019-ലെ നടപടിക്രമ ഉത്തരവുപ്രകാരം കിഫ്ബി 5.96 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 28-11-2020-ന് കരാർ ഉടമ്പടിയിലേർപ്പെട്ടിരുന്നെങ്കിലും ആവശ്യമായ ഭൂമി ലഭ്യമല്ലാത്തതുകൊണ്ട് പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിനാൽ കരാറുകാരന് നഷ്ടോത്തരവാദിത്വമില്ലാതെ കരാർ അവസാനിപ്പിച്ചിരുന്നു. തുടർന്ന് നിർവഹണ ഏജൻസിയായ KRFB-യുടെ പ്രൊപ്പോസലിന്റെ

അടിസ്ഥാനത്തിൽ സാമ്പത്തികാനുമതി 13-03-2024-ലെ നടപടിക്രമ ഉത്തരവുപ്രകാരം 14.36 കോടി രൂപയായി പരിഷ്കരിച്ച് നൽകിയിരുന്നതുമാണ്. ഇതിന്റെ അടിസ്ഥാനത്തിലും ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിർദേശപ്രകാരവും എഴുത്തോംപാറ പാലത്തിന്റെ അപ്രോച്ച് റോഡ് അരപ്പാറ സ്കൂൾവരെ പരിമിതപ്പെടുത്തിക്കൊണ്ടും നിർവഹണ ഏജൻസി സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ച് പദ്ധതിയുടെ സാമ്പത്തികാനുമതി 10.23 കോടി രൂപയാക്കി പരിഷ്കരിച്ചുകൊണ്ട് കിഫ്ബി 14-03-2025-ലെ നടപടിക്രമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 20-03-2025-ന് ചേർന്ന ടെക്നിക്കൽ കമ്മിറ്റിയിൽ പ്രസ്തുത പ്രവൃത്തി ഉൾപ്പെടുത്തിയിരുന്നതും സാങ്കേതികാനുമതി നൽകാൻ കമ്മിറ്റി തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്നും ഇതിന്റെ അടിസ്ഥാനത്തിൽ PRICE മുഖേന സാങ്കേതിക അനുമതി നൽകുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നതായും മാർച്ചുമാസത്തിൽതന്നെ ടെൻഡർ നോട്ടീസ് പ്രസിദ്ധീകരിക്കത്തക്കവിധം നടപടികൾ പുരോഗമിക്കുന്നതായും നിർവഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുണ്ട്.

## അനുബന്ധം-7

<u>പാനൂർ താലൂക്ക് ആശുപത്രി വികസനം സംബന്ധിച്ച് ശ്രീ. കെ. പി. മോഹനൻ നൽകിയ സബ്മിഷന് ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി</u>

പാനൂർ സാമൂഹിക ആരോഗ്യകേന്ദ്രത്തിന്റെ വികസനത്തിനായി തലശ്ശേരി താലൂക്കിലെ പാനൂർ വില്ലേജിലെ 128/1, 128/2 എ, 128/2 ബി എന്നി റീസർവെ നമ്പറുകളിൽപ്പെട്ട 78.7 ആർസ് ഭൂമി 2013-ലെ RFCTLARR ആക്റ്റുപ്രകാരം ഏറ്റെടുക്കുന്നതിന് 02-03-2020-ലെ സ.ഉ.(സാധാ) നം.469/2020/ആ.കു.വ,05-08-2020-ലെ സ.ഉ.(സാധാ) നം.2517/2020/റവ. എന്നിവ പ്രകാരം ആരോഗ്യ-റവന്യൂ വകുപ്പിന്റെയും ഭരണാനുമതികൾ ലഭ്യമായതിനെത്തുടർന്ന് ജില്ലാ കളക്ടർ വകുപ്പ് 4(1) പ്രകാരം സാമൂഹ്യ പ്രത്യാഘാതപഠനം നടത്തുന്നതിനുള്ള വിജ്ഞാപനം 28-09-2020-ന് പുറപ്പെടുവിക്കുകയുണ്ടായി. 19-10-2020-ന് സാമൂഹ്യ പ്രത്യാഘാതപഠന റിപ്പോർട്ട് പഠന ഏജൻസിയായ കെയ്റോസ് കണ്ണൂർ സമർപ്പിക്കുകയും പ്രസ്തുത പഠന റിപ്പോർട്ടിന്മേൽ വിദഗ്ധ സമിതി വിലയിരുത്തൽ നടത്തി 06-11-2020-ന് വിലയിരുത്തൽ റിപ്പോർട്ട് സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ എൽ.എ.ആർ.ആർ. ആക്റ്റ് 2013-ലെ വകുപ്പ് 8(2) പ്രകാരം ഭൂമി

ഏറ്റെടുക്കലുമായി മുന്നോട്ടുപോകുന്നതിനുള്ള സമുചിത സർക്കാർ ഉത്തരവ് 11-11-2020-ന് പുറപ്പെടുവിക്കുകയുമുണ്ടായി. തുടർന്ന്, എൽ.എ.ആർ.ആർ. ആക്റ്റ് 2013-ലെ വകുപ്പ് 11(1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം ജില്ലാ കളക്ടർ 19-11-2020-ന് പുറപ്പെടുവിക്കുകയും 29-01-2021-ന് അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് (BVR) അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ആയതിനുശേഷം ഭൂ ഉടമയായ ശ്രീ. നെച്ചിക്കാട്ട് മുസ്തഫ ഫയൽ ചെയ്ത 242/2021-ാം നമ്പർ റിട്ട് ഹർജിയിന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി തൽസ്ഥിതി തുടരുന്നതിന് ഉത്തരവായതിനെ തുടർന്ന് ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ നടന്നിരുന്നില്ല. എന്നാൽ 242/2021-ാം നമ്പർ റിട്ട് ഹർജി തള്ളിക്കൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 14-03-2025-ന് വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് ഈ പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിശദവിലവിവര പട്ടിക (DVS) സമർപ്പിക്കുന്നതിന് ലാൻഡ് അക്വിസിഷൻ ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.), തലശ്ശേരിക്ക് ജില്ലാ കളക്ടർ 19-03-2025-ന് നിർദേശം നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ടിയുള്ള സർവെ സബ്ഡിവിഷൻ പ്രവൃത്തികളും വ്യക്തിഗത

സർവെ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ വിശദവിലവിവര പട്ടിക Detailed Value Statement (DVS) എത്രയും പെട്ടെന്ന് ലഭ്യമാക്കി അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. തുടർന്ന് പാന്തുർ താലൂക്ക് ആശുപത്രിയുടെ വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരം ഉൾപ്പെടെ നൽകികൊണ്ട് സത്വര തുടർനടപടി സ്വീകരിക്കുന്നതാണ്.

## അനുബന്ധം-8

**ആനാട്-കറുപുഴ-പാലോട് കുടിവെള്ള പദ്ധതി സംബന്ധിച്ച് ശ്രീ. ഡി. കെ. മുരളി നൽകിയ സബ്മിഷന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി**

വാമനപുരം നിയോജകമണ്ഡലത്തിലുൾപ്പെട്ട ആനാട്, നന്ദിയോട് പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി വിഭാവനം ചെയ്ത പദ്ധതിയാണ് ആനാട്-കറുപുഴ-പാലോട് കുടിവെള്ള പദ്ധതി. ഈ പദ്ധതിലുൾപ്പെട്ട വിവിധ ഘടകങ്ങൾ രണ്ട് ഘട്ടങ്ങളായി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിരുന്നത്. ഈ പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തികൾക്കായി 2014-ൽ എൻ.ആർ.ഡി.ഡബ്ല്യു.പി. പദ്ധതിയിലുൾപ്പെടുത്തി 15 കോടി

രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതിയുടെ ജലശുദ്ധീകരണശാലയും കിണറും പമ്പ്ഹൗസും റാ വാട്ടർ പമ്പിങ് മെയിൻ പൈപ്പ്ലൈനും പൂർത്തീകരിക്കുകയും ചെയ്തിരുന്നു. പിന്നീട് എൻ.ആർ.ഡി.ഡബ്ല്യു.പി. പദ്ധതികൾക്കുള്ള സാമ്പത്തിക സഹായം നിർത്തലാക്കിയതിനാൽ പദ്ധതിയുടെ തുടർപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമുണ്ടായി.

തുടർന്ന് രണ്ടാംഘട്ട പ്രവൃത്തികൾക്കായി സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി 16 കോടി രൂപയുടെ ഭരണാനുമതി 2018-ൽ നൽകുകയുണ്ടായി ഇതിൽ റാ വാട്ടർ പമ്പ് ചെയ്യുന്നതിനായി പമ്പ് സെറ്റുകൾ സ്ഥാപിക്കൽ, നന്ദിയോട് നിലവിലുള്ള ജലസംഭരണിയുടെ പുനരുദ്ധാരണവും പുതുതായി 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതലജലസംഭരണിയുടെ നിർമ്മാണവും ടി ജലസംഭരണികളിലേക്ക് ജലശുദ്ധീകരണശാലയിൽനിന്നും ശുദ്ധീകരിച്ച ജലം എത്തിക്കുന്നതിനുള്ള പൈപ്പ്ലൈൻ സ്ഥാപിക്കൽ, നന്ദിയോട് പഞ്ചായത്തിൽ 63 കിലോമീറ്റർ ദൈർഘ്യത്തിൽ ജലവിതരണശൃംഖല സ്ഥാപിക്കൽ എന്നിവയാണ് ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾ രണ്ടുപാക്കേജുകളായാണ് നടപ്പിലാക്കുന്നത്. കോവിഡ് മഹാമാരിയുടെ

കടന്നുവരവും തുടർന്ന് സ്റ്റേറ്റ് പ്ലാൻ പദ്ധതികൾക്ക് ഫണ്ട് ലഭ്യമാകുന്നതിലുണ്ടായ കാലതാമസവും പ്രവൃത്തികളുടെ പുരോഗതിയെ ബാധിച്ചിരുന്നു. എന്നിരുന്നാലും നിലവിൽ പ്രവൃത്തികളെല്ലാം പൂർത്തിയായിട്ടുണ്ട്. ജലശുദ്ധീകരണശാലയിലും റാ വാട്ടർ പമ്പ് ഹൗസിലും വൈദ്യുത കണക്ഷൻ ഇപ്പോൾ ലഭ്യമായി. നേരത്തെ സ്ഥാപിച്ചിട്ടുള്ള ജലശുദ്ധീകരണശാലയിലെയും പമ്പ് ഹൗസിലെയും മെക്കാനിക്കൽ ഘടകങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് രണ്ടുമാസത്തിനുള്ളിൽ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യാൻ സാധിക്കും.

ടി പദ്ധതിയുടെ മൂന്നാംഘട്ടമായി ആനാട്, നന്ദിയോട് പഞ്ചായത്തുകളിലെ മുഴുവൻ പ്രദേശത്തും കുടിവെള്ളമെത്തിക്കുന്നതിനായി ജലജീവൻ മിഷനിലുൾപ്പെടുത്തി 65.66 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആലുംകുഴിയിൽ 5.25 ലക്ഷം ലിറ്റർ, കുപ്പിൽ 6.25 ലക്ഷം ലിറ്റർ, കൈതക്കാട് 1.7 ലക്ഷം ലിറ്റർ വീതംശേഷിയുള്ള ഉപരിതല ജലസംഭരണികളുടെ നിർമ്മാണം, പ്രസ്തുത ജലസംഭരണികളിലേക്ക് ശുദ്ധജലമെത്തിക്കുന്നതിനുള്ള പൈപ്പ്‌ലൈനുകൾ, പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ, ഇരുപഞ്ചായത്തുകളിലും ആവശ്യമായ ജലവിതരണ ശൃംഖലകൾ തുടങ്ങിയവ

സ്ഥാപിക്കലും കുടിവെള്ള കണക്ഷനുകൾ നൽകലും ഇതിലുൾപ്പെടുന്നു. ഇതിൽ കൈതക്കാട്, കൂപ്പ് എന്നിവിടങ്ങളിലെ ഉപരിതല ജലസംഭരണികളുടെ നിർമ്മാണം പൂർത്തിയായി. ആലുംകുഴിയിൽ ജലസംഭരണി നിർമ്മിക്കാൻ കണ്ടെത്തിയിട്ടുള്ള സ്ഥലത്ത് ഇളക്കിയിട്ടിരിക്കുന്ന പാറകൾ നീക്കം ചെയ്യാത്തതിനാൽ നിർമ്മാണം ആരംഭിച്ചിട്ടില്ല. ഇത് നീക്കം ചെയ്യുന്നതിന് നന്ദിയോട് പഞ്ചായത്തിൽ നിന്നും നടപടി സ്വീകരിക്കേണ്ടതുണ്ട്. ആയതിന് പഞ്ചായത്തുമായി നിരന്തരം ബന്ധപ്പെട്ടുവരുന്നു. ഏകദേശം 156 കിലോമീറ്റർ ജലവിതരണ ശൃംഖല സ്ഥാപിക്കേണ്ടതിൽ 4 മേഖലകളായി തിരിച്ച് ഏതാണ്ട് 122 കിലോമീറ്ററോളം സ്ഥാപിച്ചുകഴിഞ്ഞു. ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു. ജലശുദ്ധീകരണശാല കമ്മീഷൻ ചെയ്ത് ജലജീവൻ മിഷനിലുൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾകൂടി പൂർത്തിയാകുമ്പോൾ ആനാട്, നന്ദിയോട് പഞ്ചായത്തുകളിലെ മുഴുവൻ പ്രദേശത്തും ശുദ്ധജലമെത്തിക്കാനാകും.

## അനുബന്ധം-9

**കുളങ്ങൾ നവീകരിക്കൽ സംബന്ധിച്ച് ശ്രീ. പി. മമ്മിക്കുട്ടി നൽകിയ സബ്മിഷന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി**

നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതികളുടെ പുരോഗതി

വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ചെറിയ തുകയ്ക്കുള്ള പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കി ആർ.ഐ.ഡി.എഫ്. ലോൺ തുക പൂർണ്ണമായും ലഭ്യമാക്കുന്നതിന് സാധിക്കുന്നില്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ടി പ്രോജക്ടുകളുടെ അടങ്കൽത്തുക ഉയർത്തുമെന്ന് പ്രഖ്യാപിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, 2024-25 മുതൽ നബാർഡ്-ആർ.ഐ.ഡി.എഫ്. പദ്ധതികളുടെ ഏറ്റവും കുറഞ്ഞ പദ്ധതി ചെലവ് 25 കോടി രൂപയായി നിജപ്പെടുത്തി 31-07-2023-ലെ ജി.ഒ (പി) നം.80/2023/ധന. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഒരു കുളം നവീകരിക്കുന്നതിന് ശരാശരി ചെലവ് ഏകദേശം 2 കോടി രൂപ ആയതിനാൽ ഈ 25 കോടി രൂപയുടെ മാനദണ്ഡം നിറവേറ്റുകയെന്ന് പ്രയാസകരമാണ്. കുളം നവീകരണ പദ്ധതികൾക്കായി മേൽസർക്കാർ ഉത്തരവിൽ പ്രത്യേക ഇളവ് അനുവദിച്ചാൽ മാത്രമെ, NABARD RIDF-ന്റെ കീഴിൽ കുളം നവീകരണ പ്രവർത്തനങ്ങൾ നടത്താൻ വകുപ്പിന് സാധിക്കുകയുള്ളൂ. നബാർഡിന്റെ അംഗീകാരം ലഭിക്കേണ്ട തുക 5 കോടി രൂപയിൽ താഴെയായി ചുരുക്കിയാൽ ഗ്രാമീണ പ്രദേശങ്ങളിൽ ഇറിഗേഷൻ

പ്രവർത്തനങ്ങൾ ഫലപ്രദമായി ഏറ്റെടുത്ത് നടത്താൻ കഴിയും.

## അനുബന്ധം-10

**വാഴാനി ജലസേചന പദ്ധതി സംബന്ധിച്ച് ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി നൽകിയ സബ്മിഷന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി**

1959-ൽ പൂർത്തീകരിച്ച വാഴാനി ജലസേചന പദ്ധതി തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി, കുന്നംകുളം, മണലൂർ നിയോജകമണ്ഡലങ്ങളിലായി ഏകദേശം 4313 ഹെക്ടർ സ്ഥലത്തെ ജലസേചനത്തിന് ഉദ്ദേശിച്ച് വിഭാവനം ചെയ്തതാണ്. ഈ പദ്ധതിയുടെ 39.200 കിലോമീറ്റർ നീളത്തിലുള്ള ഇടതുകര മെയിൻ കനാലും ബ്രാഞ്ച് കനാലുകളായ കുറാഞ്ചേരി ബ്രാഞ്ച് കനാൽ (1.80 കി.മീ.), പാർളിക്കാട് ബ്രാഞ്ച് കനാൽ (10.60 കി.മീ.), മുണ്ടൂർ ബ്രാഞ്ച് കനാൽ (5.400 കി.മീ. ഡിസ്ട്രിബ്യൂട്ടറി (0.800 കി.മീ.) എന്നിവയുടെ 2313 ഹെക്ടർ സ്ഥലത്തും ബാക്കി 2000 ഹെക്ടർ പുഴയിലെ ചിറകളിലൂടെയും ജലസേചനം നടത്തിവരുന്നു. വലതുകര കനാലായി വടക്കാഞ്ചേരി, കേച്ചേരി, ആളൂർ എന്നീ പേരുകളിൽ വിവിധ സ്ഥലങ്ങളിൽ അറിയപ്പെടുന്ന പുഴയ്ക്ക് വാഴാനി മുതൽ ചേറ്റുവ ഇടിയൻചിറ വരെ 56.86 കി.മീ. നീളമുണ്ട് ഈ പുഴയിൽ ഈ

പദ്ധതിയുടെ കീഴിൽ 25 ചിറകളും ഒരു അക്വാഡക്റ്റുമാണുള്ളത്.

2018-ലെ പ്രളയത്തിലും തുടർന്നുള്ള വർഷങ്ങളിൽ പെയ്ത അതിവർഷത്തിലും ഈ പദ്ധതിയിലെ വടക്കാഞ്ചേരി പുഴയിൽ നിർമ്മിച്ചിരിക്കുന്ന 25 ചിറകൾക്കും ഏറെ കേടുപാടുകൾ സംഭവിച്ചിരുന്നു. വാഴാനി ജലസേചന പദ്ധതിയിലെ മെയിൻ കനാലുകൾക്കും ബ്രാഞ്ച് കനാലുകൾക്കും പലയിടങ്ങളിൽ മണ്ണിടിച്ചിൽ സംഭവിച്ചതിനാൽ വിഭാവനം ചെയ്ത 4313 ഹെക്ടറിന്റെ സ്ഥാനത്ത് 3655 ഹെക്ടർ സ്ഥലത്ത് മാത്രമെ ജലസേചനം എത്തിക്കുവാൻ സാധിക്കുന്നുള്ളൂ.

2024-ലെ അതിവർഷംമൂലമുള്ള പ്രളയം നിമിത്തം വടക്കാഞ്ചേരി ചിറ തുറന്നുവച്ചിട്ടും സമീപപ്രദേശങ്ങളിലേക്ക് വെള്ളം കയറുകയും കടകൾക്കും വീടുകൾക്കും വളരെയധികം നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തു. ആയത് തടയുന്നതിനുവേണ്ടി വടക്കാഞ്ചേരി ചിറയുടെ വീതി കൂട്ടുകയും നിലവിലുള്ള പലക ഷട്ടറുകൾ മാറ്റി mechanical steel ഷട്ടറുകൾ വയ്ക്കേണ്ടത് അത്യന്താപേക്ഷിതമാണ്. വടക്കാഞ്ചേരി നഗരത്തിന്റെയും ജനങ്ങളുടെയും കുടിവെള്ള ആവശ്യങ്ങൾ നിറവേറ്റുന്നത് വടക്കാഞ്ചേരി ചിറ തന്നെയാണ്. ആയതിനാൽ വടക്കാഞ്ചേരി ചിറയുടെ നവീകരണത്തിനായി ഏകദേശം 2

കോടി രൂപ ആവശ്യമായിവരും. കൂടാതെ, ഈ ചിറയ്ക്ക് തൊട്ടടുത്തുള്ള ആറ്റംപറ്റ ചിറയ്ക്കും mechanical steel ഷട്ടറുകൾ സ്ഥാപിച്ച് നവീകരിക്കേണ്ടതിനായി 30 ലക്ഷം രൂപ ആവശ്യമാണ്.

വാഴാനി ഡാമിന്റെയും ഇടതുകര കനാലിന്റെയും വാർഷിക അറ്റകുറ്റപ്പണികൾക്കായി ആക്ഷൻ പ്ലാനിൽ 2024-25 സാമ്പത്തിക വർഷത്തിൽ Wadakkanchery Scheme Maintenance (WSM) ഹെഡിൽ 50 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയത്. കൂടാതെ, M&R ഹെഡ്ഡിൽ ചിറകളുടെ അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണത്തിനും 23.50 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഈ ഫണ്ട് കനാലുകളുടെയും ചിറകളുടെയും വാർഷിക അറ്റകുറ്റപ്പണികൾക്കുതന്നെ തികയാത്ത അവസ്ഥയാണ്. വാഴാനി ജലസേചന പദ്ധതിയുടെ വിപുലമായ പുനരുദ്ധാരണത്തിനായി എല്ലാ വർഷവും കൂടുതൽ തുക വകയിരുത്തേണ്ടത് അത്യാവശ്യമാണ്.

വാഴാനി ജലസേചന പദ്ധതിയുടെ ഭാഗമായ വടക്കാഞ്ചേരി പുഴയിൽ സ്ഥിതിചെയ്യുന്ന 25 ചിറകളിൽ സർവെ നം.131, കാട്ടിൽ ചിറ, പറയൻതുരുത്തി ചിറ, പുത്തൻകോവിലകം ചിറ, ആക്കത്തുരുത്തി ചിറ, വരടൻ ചിറ, വടക്കുമൂല ചിറ, കുപ്പൻ ചിറ, ഏക്രമാരി ചിറ തുടങ്ങിയ ചിറകളുടെ നവീകരണത്തിന് തുക

ആവശ്യമാണ്.

2023-24 ബജറ്റിൽ തോളൂർ ചിറ നിർമ്മാണം എന്ന പ്രവൃത്തിക്ക് 1 കോടി രൂപയുടെ 20% ആയ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പ്രവൃത്തിക്കുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് റിപ്പോർട്ട് ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. കാര്യാലയത്തിൽ പരിശോധിച്ചുവരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ തോളൂർ ചിറ നിർമ്മാണം രണ്ടാം ഘട്ടത്തിന് 200 ലക്ഷം അടങ്കൽ തുക വരുന്ന പ്രവൃത്തിക്കായി ടോക്കൺ പ്രൊവിഷൻ നൽകിയിട്ടുണ്ട്.

വാഴാനി ജലസേചന പദ്ധതിയുടെ വീണ്ടെടുപ്പിനും ചിറകളുടെ സമഗ്രമായ നവീകരണത്തിനുമായി വാഴാനി ഡാം കോമ്പൗണ്ടിലെ ഇൻസ്പെക്ഷൻ ബംഗ്ലാവ്, പവലിയൻ ബിൽഡിങ്, വാഴാനി ഗാർഡൻ, ക്വാർട്ടേഴ്സ് എന്നിവയുടെ നവീകരണത്തിനായും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് ഇതിന്റെ 35 കോടി രൂപയുള്ള DPR NABARD-RIDF Tranche XXXI ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. DPR-ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന പ്രവൃത്തികൾ Wadakkanchery Chira rectification works Attampatta Chira rectification works, സർവെ നം. 131, കാട്ടിൽ ചിറ,

പറയൻതുരുത്തി ചിറ, പുത്തൻകോവിലകം ചിറ, ആക്കളുരുത്തി ചിറ, വരടൻ ചിറ, വടക്കുമൂല ചിറ, കുപ്പൻ ചിറ, ഏക്രമാരി ചിറ എന്നീ ചിറകളുടെ പുനരുദ്ധാരണമാണ്.

കനാലുകളുടെ പുനരുദ്ധാരണത്തിനായുള്ള 46.50 കോടി രൂപയുടെ DPR "Project under the scheme for special assistance" സർക്കാർ പരിശോധിച്ചുവരുന്നു.

താഴെ പറയുന്ന പ്രവൃത്തികളാണ് ടി DPR-ൽ പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്

1. Rectification of Mundur branch canal 100m
2. Rectification of Kuranchery branch, canal 50m
3. Rectification of LBMC Canal Ch: 28/400 km
4. Rectification of Parlikkad branch Ch:5/000 to 5/300
5. Rectification of Parlikkad branch Ch:0/400 to Ch 3/500
6. Rectification of LBMC Ch:19/300

10 കോടി രൂപ അടങ്കൽ തുക വരുന്ന വടക്കാഞ്ചേരി പുഴയുടെ സമഗ്ര വികസനം എന്ന പ്രവൃത്തിയുടെ 1-ാം ഘട്ടത്തിന് ഭരണാനുമതി നൽകുകയും തുടർന്ന് കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയിൽ ഉൾപ്പെട്ട പുഴയുടെ സംരക്ഷണഭിത്തി നിർമ്മിക്കുന്ന ഭാഗങ്ങളിൽ കൈയേറ്റം ഒഴിപ്പിച്ച് മണ്ണെടുത്ത് പുഴ വീതി കൂട്ടി സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പുഴയിൽ അടിഞ്ഞുകൂടിയ 25242.5 $m^3$ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള പ്രൊവിഷൻകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി നിലവിൽ പുരോഗമിച്ചുവരികയാണ്.

## അനുബന്ധം-11

<u>ഒറ്റശേഖരമംഗലത്ത് 110 കെ.വി. സബ്സ്റ്റേഷൻ സംബന്ധിച്ച് ശ്രീ. സി. കെ. ഹരീന്ദ്രൻ നൽകിയ സബ്മിഷന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം വനം-വന്യജീവി വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി</u>

പാറശ്ശാല നിയോജകമണ്ഡലത്തിലെ ഒറ്റശേഖരമംഗലം, കള്ളിക്കാട്, അമ്പൂരി, കുന്നത്തുകാൽ, ആര്യങ്കോട്, പെരുങ്കടവിള, പാലിയോട്, മാരായമുട്ടം,

മാറനല്ലൂർ എന്നീ പ്രദേശങ്ങളിലേക്ക് നിലവിൽ വൈദ്യുതി എത്തിക്കുന്നത് കാട്ടാക്കട 110 കെ.വി., പാറശ്ശാല 110 കെ.വി., നെയ്യാറ്റിൻകര 110 കെ.വി., വെള്ളറട 33 കെ.വി. എന്നീ സബ്സ്റ്റേഷനുകളിൽ നിന്നുമാണ്. ഈ പ്രദേശങ്ങൾ പ്രസ്തുത സബ്സ്റ്റേഷനുകളിൽനിന്നും വളരെ അകലത്തിൽ ആയതിനാൽ രൂക്ഷമായ വോൾട്ടേജ് ക്ഷാമം ഇവിടങ്ങളിൽ നേരിടുന്നതിനാലും പ്രദേശത്തെ ലോഡ് ഡിമാന്റിന്റെ വളർച്ച കണക്കിലെടുത്തും ഒറ്റശേഖരമംഗലത്ത് 33 കെ.വി. നിലവാരത്തിൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് സാങ്കേതിക അനുമതി ലഭിക്കുകയുണ്ടായി. എന്നാൽ തുടർസാങ്കേതിക പഠനങ്ങളിൽ 110 കെ.വി. നിലവാരത്തിലുള്ള സബ്സ്റ്റേഷൻ ആവശ്യമാണെന്ന് കണ്ടെത്തിയതിൻപ്രകാരം വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കിവരുന്നു.

സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ആവശ്യമായ ഭൂമി ഒറ്റശേഖരമംഗലത്തുനിന്നും 2.2 കിലോമീറ്റർ മാറി പുല്ലച്ചാൽകോണം എന്ന സ്ഥലത്ത് കണ്ടെത്തിയിട്ടുണ്ട്. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് അനുമതി ലഭിക്കുന്നമുറയ്ക്ക് ഭരണാനുമതി ലഭ്യമാക്കി സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ട നടപടികൾക്കായി റവന്യൂ

അധികാരികളെ സമീപിക്കുന്നതാണെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

ഭരണാനുമതി ലഭിച്ച് ഭൂമി ഏറ്റെടുക്കുന്നമുറയ്ക്ക് സബ്സ്റ്റേഷന്റെയും അനുബന്ധ ലൈനിന്റെയും നിർമ്മാണം ആരംഭിക്കുന്നതാണ്. ആയതിന് ഏകദേശം 26 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

പദ്ധതിക്കുള്ള സാങ്കേതിക അനുമതിയും ഭരണാനുമതിയും ലഭിച്ച് ഭൂമി ഏറ്റെടുക്കുന്നമുറയ്ക്ക് സബ്സ്റ്റേഷൻ നിർമ്മാണം ആരംഭിക്കുന്നതാണെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

## **അനുബന്ധം-12**

<u>സമരത്തിൽ പങ്കെടുത്തവർക്കെതിരായ നിയമനടപടി ഒഴിവാക്കൽ സംബന്ധിച്ച് ശ്രീ. ആന്റണി ജോൺ നൽകിയ സബ്മിഷന് ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി</u>

സബ്മിഷനിൽ പരാമർശിക്കുന്ന പേരിലുള്ളതും പൊതുജനങ്ങൾ ഉപയോഗിക്കുന്നതുമായ ഒരു റോഡ് മലയാറ്റൂർ റിസർവ് വനത്തിനുള്ളിൽ നിലവിലില്ലാത്തതാണ്. കുട്ടമ്പുഴ റെയ്ഞ്ചിന്റെ രേഖകളിലോ 1895-ലെ മലയാറ്റൂർ ഇടിയറ റിസർവ് നോട്ടിഫിക്കേഷനിലോ ഈ പ്രദേശത്തുകൂടി ഒരു

റോഡുള്ളതായി പരാമർശമില്ല. ഇതുമായി ബന്ധപ്പെട്ട് നിലവിൽ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ W-P(C)-25663/2020, W-P(C)-7525/2020 എന്നിവ നിലവിലുള്ളതും, ആയവ ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലുള്ളതുമാണ്.

ആലുവയിൽനിന്നും മൂന്നാറിലേക്ക് നിലവിൽ നേര്യമംഗലം അടിമാലി വഴി നാഷണൽ ഹൈവേയുള്ളതാണ്. കൂടാതെ, കുറത്തിക്കുടി നിവാസികൾക്ക് നിലവിൽ പെരിമ്പൻക്കുത്ത് വഴി മാങ്കുളത്തേക്കും ആവറുകുട്ടി വഴി നേര്യമംഗലത്തേക്കും പോകാൻ അനുമതിയുള്ളതാണ്

ആലുവ മൂന്നാർ രാജപാത എന്ന് അവകാശപ്പെടുന്ന പ്രദേശം നിബിഡവനവും ആന മുതലായ വന്യജീവികളുടെ ആവാസ മേഖലയുമാണ്. ഇപ്രകാരം ഒരു പാത നിലവിൽ വരുന്നത് പ്രദേശത്തെ മനുഷ്യ-വന്യജീവി സംഘർഷം കൂടുതൽ രൂക്ഷമാക്കുന്നതാണ്.

മേൽപ്പറഞ്ഞപ്രകാരം ഒരു പാത അനുവദിച്ച് നൽകണമെന്നാവശ്യപ്പെട്ട് 16-03-2025-ൽ രാവിലെ 10 മണിയോടെ ബഹുമാനപ്പെട്ട ഇടുക്കി എം.പി. ശ്രീ. ഡീൻ കുര്യാക്കോസും കോതമംഗലം എം.എൽ.എ.-യായ ശ്രീ. ആന്റണി ജോൺ എന്നിവരടക്കമുള്ള ജനപ്രതിനിധികളുടെ നേതൃത്വത്തിൽ പൂയംകുട്ടി

ഭാഗത്ത് പൊതുയോഗം നടത്തുകയും റിസർവ് വനത്തിനുള്ളിലേക്ക് പ്രവേശിക്കുവാൻ ശ്രമിക്കുകയും ചെയ്തിരുന്നു.

സ്ഥലത്ത് ഡ്യൂട്ടിയിലുണ്ടായിരുന്ന കുട്ടമ്പുഴ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ നേതൃത്വത്തിലുള്ള മുപ്പതോളം ഫോറസ്റ്റ് ഉദ്യോഗസ്ഥരും കുട്ടമ്പുഴ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നേതൃത്വത്തിലുള്ള അമ്പതോളം പോലീസ് ഉദ്യോഗസ്ഥരും ചേർന്ന് ബഹുമാന്യരായ എം.പി., എം.എൽ.എ. ഉൾപ്പെടെയുള്ള ജനപ്രതിനിധകളോടും വൈദികരോടും മറ്റ് സമരനേതാക്കളോടും അനുവാദമില്ലാതെ വനത്തിനുള്ളിലേക്ക് പ്രവേശിക്കുന്നത് നിയമവിരുദ്ധമാണെന്നും അപകടകരമാണെന്നും അറിയിക്കുകയും ഉദ്യമത്തിൽനിന്നും പിൻമാറണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുകയുണ്ടായി.

ആയതിന് തയ്യാറാകാതെ വന്നപ്പോൾ ബഹുമാന്യരായ എം.പി., എം.എൽ.എ., മറ്റുജനപ്രതിനിധികൾ എന്നിവരെ വനം വകുപ്പ് വക വാഹനത്തിൽ സുരക്ഷിതമായി സന്ദർശനത്തിന് സൗകര്യം ഏർപ്പെടുത്താം എന്നറിയിച്ചിട്ടും അത് അംഗീകരിക്കാതെ വൻജനാവലിയോടൊപ്പം ബലമായി റിസർവ് വനത്തിനുള്ളിലേക്ക് അതിക്രമിച്ച് കടക്കുകയും സമരത്തിൽ പങ്കെടുത്ത കുറച്ചുപേർ ചേർന്ന് വനാതിർത്തിയിൽ വനസംരക്ഷണത്തിനായി

സ്ഥാപിച്ചിരുന്ന ക്രോസ് ബാർ, ചെയിൻ ഗേറ്റ് എന്നിവ തകർക്കുകയും വനപാതയിൽ പാർക്ക് ചെയ്തിരുന്ന ഫോറസ്റ്റ് വാഹനത്തിന്റെ കണ്ണാടിച്ചില്ല് അടിച്ച് തകർക്കുകയും ചെയ്തു.

വനത്തിനുള്ളിൽ അതിക്രമിച്ച് കയറിയതിന് ഇവർക്കെതിരെ കേരള വനനിയമം 1961-ലെ 27 (1) (e) (iv), 84 എന്നീ വകുപ്പുകൾ പ്രകാരം ബഹുമാന്യരായ എം.പി., എം.എൽ.എ. എന്നിവരെയും മറ്റുജനപ്രതിനിധികളെയും സമരസമിതി നേതാക്കളെയും വൈദികരെയും പ്രതി ചേർത്ത് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

ടി വിഷയത്തിൽ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളുമനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുക മാത്രമാണ് വനം വകുപ്പ് ചെയ്തിട്ടുള്ളത്. വനം വകുപ്പ് ജീവനക്കാരുടെ ഭാഗത്ത് നിയമവിരുദ്ധമായ നടപടികൾ ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് പരിശോധിക്കുവാനും കേസ് വിശദമായി പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാനും നിർദേശം നൽകിയിട്ടുണ്ട്.

## അനുബന്ധം-13

**<u>പ്ലാന്റേഷൻ മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. റോജി എം. ജോൺ നൽകിയ സബ്മിഷന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി നൽകിയ</u>**

വിശദമായ മറുപടി

കേരളത്തിലെ തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ സമർപ്പിച്ച ശിപാർശയുടെയും സംസ്ഥാന ആസൂത്രണ ബോർഡ് ഓണററി കൺസൾട്ടന്റായ ശ്രീ. വി. നമശിവായം സമർപ്പിച്ച റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തോട്ടം മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ട് പ്ലാന്റേഷനുകളുടെ ഉൽപാദനക്ഷമതയും ലാഭവും വർധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ കീഴിലുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 3 കോടി രൂപയുടെ ഭരണാനുമതി നൽകി. അതിൽനിന്നും 60 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്ലാന്റേഷൻ മേഖലയിലെ വിവിധ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് IIM കോഴിക്കോടിനെ ചുമതലപ്പെടുത്തുകയും റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

കൃഷി വകുപ്പിന് കീഴിലുള്ള പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ ഉടമസ്ഥതയിലാണ് കാലടി പ്ലാന്റേഷൻ പ്രവർത്തിച്ചുവരുന്നത്.

തേയില, റബ്ബർ, കാപ്പി, ഏലം തുടങ്ങിയ തോട്ടവിളകൾ കൃഷി ചെയ്യുന്ന

ചെറുതും വലുതുമായ തോട്ടയുടമകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് സ്റ്റേറ്റ് ലെവൽ പ്ലാന്റേഷൻ ബിസിനസ് അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. തോട്ടം മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദേശങ്ങൾ ചർച്ച ചെയ്യുന്നതിനായാണ് ഈ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്.

2024-25-ലെ കേരള സംസ്ഥാന ബജറ്റ് പ്രസംഗത്തിൽ പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികളുടെ ലയങ്ങൾ നവീകരിക്കുന്ന പദ്ധതിക്കായി 10 കോടി രൂപ "Assistance for the Construction and Renovation of labour housing (Layams) In Plantations" എന്ന പദ്ധതിക്ക് ലയങ്ങളുടെ പുനരുദ്ധാരണം വകയിരുത്തുകയും ആയതിന് ഭരണാനുമതി നൽകുകയും ചെയ്തു. പ്ലാന്റേഷൻ ഡയറക്ടറേറ്റ് മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. പ്ലാന്റേഷൻ ഉടമ ലയങ്ങളിലെ നിർമ്മാണമോ നവീകരണമോ നടത്തുന്ന സാഹചര്യത്തിൽ ആകെ ചെലവാകുന്ന തുകയുടെ 30 ശതമാനം (നവീകരണത്തിന് പരമാവധി 50,000 രൂപ വരെയും പുതിയ നിർമ്മാണത്തിന് പരമാവധി 2,00,000 രൂപ വരെയും) സർക്കാർ സബ്സിഡിയായി

അനുവദിക്കും. നവീകരണ പ്രവർത്തനങ്ങളിൽ മേൽക്കൂര മാറ്റുക, തറ ശരിയാക്കുന്ന പ്രവൃത്തികൾ, വൈദ്യുതീകരണം പുതുക്കൽ, ചുവരുകൾ മുഴുവനായി പ്ലാസ്റ്ററിങ് ചെയ്യുന്നത്, അധികമായി മുറി ചെയ്യുന്നത്, ശുചിമുറികളുടെയും മാലിന നിർമ്മാർജന സംവിധാനങ്ങളുടെയും പ്രവൃത്തികൾ, പോർട്ടബിൾ ജലവിതരണ സംവിധാനം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകൾ ജില്ലാ പ്ലാന്റേഷൻ ഓഫീസുകൾ വഴിയാണ് നടപ്പിലാക്കുന്നത്. ഇതുപ്രകാരം വിവിധ മാനേജ്മെന്റുകൾ ലയങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി പദ്ധതി രേഖ സമർപ്പിച്ചിട്ടുണ്ട്.

ഇതിനുപുറമെ തിരുവനന്തപുരം ജില്ലയിലെ ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളികളുടെ 50 യൂണിറ്റുകളുൾപ്പെടുന്ന ജി.ബി. ഡിവിഷൻ, 30 യൂണിറ്റുകളുൾപ്പെടുന്ന ടോപ്പ് ഡിവിഷൻ എന്നീ ലയങ്ങളുടെ പുനരുദ്ധാരണം നിർമ്മിതി കേന്ദ്രം വഴി നടത്തുന്നതിലേക്കായി 1,99,83,704 രൂപ തൊഴിൽ വകുപ്പ് മുഖേനയും 1,99,93,200 രൂപ വ്യവസായ വകുപ്പ് മുഖേനയും അപ്രകാരം ആകെ 3,99,76,904 രൂപ (മൂന്ന് കോടി തൊണ്ണൂറ്റിയൊൻപത് ലക്ഷത്തി എഴുപത്തിയാറായിരത്തി തൊള്ളായിരത്തി നാല് രൂപ മാത്രം) സർക്കാർ അനുവദിച്ചിട്ടുണ്ട്.

## അനുബന്ധം-14

**കായംകുളം മുനിസിപ്പാലിറ്റി 'എ' ഗ്രേഡ് ആയി ഉയർത്തൽ സംബന്ധിച്ച് ശ്രീമതി യു. പ്രതിഭ നൽകിയ സബ്മിഷന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി**

വാർഷിക വരുമാനം നാലുകോടി രൂപയും അതിനുമുകളിലും, ജനസംഖ്യ അൻപതിനായിരത്തിലധികം വരുന്നതുമായ നഗരസഭകളെ ഒന്നാം ഗ്രേഡ് ആയും, വാർഷിക വരുമാനം രണ്ടുകോടി രൂപയിൽ കൂടുതലും എന്നാൽ നാലുകോടി രൂപയിൽ താഴെയും ജനസംഖ്യ 25000-ത്തിലധികവും എന്നാൽ 50000-ത്തിൽ താഴെയും വരുന്ന നഗരസഭകളെ രണ്ടാം ഗ്രേഡ് ആയും ഉയർത്തണമെന്ന് നഗരകാര്യ ഡയറക്ടറുടെ ശിപാർശ പരിഗണിച്ച് നഗരസഭകളുടെ ഗ്രേഡ് ഉയർത്തുന്നതുമൂലമുണ്ടാകുന്ന അധിക ബാധ്യത തനത് ഫണ്ടിൽനിന്നും വഹിക്കണമെന്ന വ്യവസ്ഥയോടെ സംസ്ഥാനത്തെ നഗരസഭകളുടെ ഗ്രേഡ് പുതുക്കി നിശ്ചയിച്ച് 22-07-2014-ലെ സർക്കാർ ഉത്തരവ് (കൈ) നം. 135/2014/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവുപ്രകാരം കായംകുളം നഗരസഭയ്ക്ക് രണ്ടാം ഗ്രേഡാണ് ലഭിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിനുശേഷം ഗ്രേഡ് പുതുക്കി നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവ്

പുറപ്പെടുവിച്ചിട്ടില്ല. പ്രസ്തുത ഉത്തരവിനുശേഷം ഗ്രേഡ് പുതുക്കി നിശ്ചയിക്കണമെന്ന് അപേക്ഷിച്ച് കായംകുളം നഗരസഭയിൽനിന്ന് സർക്കാരിലേക്ക് അപേക്ഷയൊന്നും ലഭിച്ചിട്ടില്ല.

## അനുബന്ധം-15

<u>പൊതുസ്ഥലങ്ങളിൽ പരസ്യ ബോർഡ് സംബന്ധിച്ച് ശ്രീ. ടി. ഐ. മധുസൂദനൻ നൽകിയ സബ്മിഷന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി</u>

വഴിയാത്രക്കാർക്ക് മാർഗ്ഗതടസ്സം സൃഷ്ടിക്കുംവിധം സംസ്ഥാനത്ത് പാതയോരങ്ങളിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ഫ്ലക്സുകളും കൊടിമരങ്ങളും തോരണങ്ങളും ബാനറുകളും ഫെസ്റ്റൂണുകളും അടിയന്തരമായി നീക്കം ചെയ്യുന്നതിനെതിരെ നടപടിയാവശ്യപ്പെട്ട് ഫയൽ ചെയ്യപ്പെട്ട WP(C) 22750/2018 പരിഗണിച്ചുകൊണ്ട് കോടതി അത്തരത്തിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള എല്ലാ ഫ്ലക്സ് ബോർഡുകളും ബാനറുകളും ഹോർഡിങ്ങുകളും ഫെസ്റ്റൂണുകളും കൊടിതോരണങ്ങളും നീക്കം ചെയ്യണമെന്നും തുടർന്ന് ആയത് സ്ഥാപിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണമെന്നുമുള്ള നിർദേശങ്ങളടങ്ങിയ ഉത്തരവുകൾ

പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സർക്കാർ നടപടികൾ സ്വീകരിക്കുകയും ബഹുമാനപ്പെട്ട കോടതി സമക്ഷം അഫിഡവിറ്റുകൾ സമർപ്പിക്കുകയും ചെയ്തുവരുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് താഴെ കാണുന്ന കാര്യങ്ങൾ സർക്കാർ പഠന വിധേയമാക്കുകയുണ്ടായി.

- കേരളംപോലെ ജനാധിപത്യ സമ്പ്രദായമുള്ള ഒരു സംസ്ഥാനത്ത് ഒരു പരസ്യപ്രചാരണങ്ങൾപോലും വേണ്ടെന്ന അവസ്ഥയിലേക്ക് കേരളത്തെ എത്തിക്കുകയെന്നത് പ്രതിലോമകരമായിട്ടുള്ള ഒരവസ്ഥയാണ്.
- വിവിധതരത്തിലുള്ള പ്രചാരണ പ്രവർത്തനങ്ങൾ തടയുകയെന്നത് ജനാധിപത്യ സമ്പ്രദായത്തിൽ നടപ്പാക്കാൻ സാധിക്കാത്തതാണ്.
- നിയമവിധേയമായി പരസ്യ പ്രചാരണങ്ങളും മറ്റുംനടത്താനുള്ള അവകാശം സംഘടനകൾക്കും രാഷ്ട്രീയ പാർട്ടികൾക്കും ജനാധിപത്യ കേരളത്തിൽ അവകാശമുണ്ട്

പ്രസ്തുത വിഷയത്തിൽ 04-01-2025-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേരുകയും ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുകളുടെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് സുരക്ഷിതത്വം പാലിച്ചുകൊണ്ട്

പരസ്യപ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി തദ്ദേശസ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ വരുന്ന സ്ഥലങ്ങളിലും മറ്റ് ഉചിതമായ ഇടങ്ങളിലും മിതമായ നിരക്കിൽ നിശ്ചിത ഫീസ് ഈടാക്കി പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ ജനങ്ങൾക്ക് നൽകാൻ ഉദ്ദേശിക്കുന്ന അറിയിപ്പുകൾ നിയമവിരുദ്ധമായിട്ടുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം അവസാനിപ്പിച്ചുകൊണ്ട്, എന്നാൽ അനുവദനീയമായ തരത്തിലുള്ള പരസ്യപ്രചാരണങ്ങൾക്ക് നിർദ്ദിഷ്ട ഫീസ് ഈടാക്കി നടപ്പിലാക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് 03-03-2025-ലെ ആർ.സി.1/262/2022/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം നിർദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**അനുബന്ധം-16**

<u>കരുനാഗപ്പള്ളി തെങ്ങ് ഗവേഷണ കേന്ദ്രം സംബന്ധിച്ച് ശ്രീ. സി. ആർ. മഹേഷ് നൽകിയ സബ്മിഷന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി</u>

കൃഷി വകുപ്പിനുകീഴിൽ 64 ഫാമുകളാണ് നിലവിലുള്ളത്. ഇതിൽ 14

സ്പെഷ്യൽ ഫാമുകളും 9 ജില്ലാ കൃഷിത്തോട്ടങ്ങളും 33 സംസ്ഥാന വിത്തുൽപാദന കേന്ദ്രങ്ങളും 8 തെങ്ങിൻ തൈ ഉൽപാദന കേന്ദ്രങ്ങളുമുൾപ്പെടുന്നു. 1894.6822 ഹെക്ടറാണ് ഫാമുകളുടെ ആകെ വിസ്തൃതി. അടിസ്ഥാന സൗകര്യം വികസിപ്പിച്ച് ഫാമുകളുടെ കൈവശമുള്ള മുഴുവൻ ഭൂമിയിലും കൃഷി ചെയ്യാനും ഫാമുകളുടെ വരുമാനം വർധിപ്പിക്കാനും സർക്കാർ ശക്തമായ നടപടികളാണ് കൈകൊണ്ടുവരുന്നത്.

കരുനാഗപ്പള്ളി സംസ്ഥാന തെങ്ങിൻ തൈ ഉൽപാദന കേന്ദ്രത്തിന് 9 ഏക്കർ വിസ്തൃതിയാണുള്ളത്. ഇതിൽ കൃഷിയോഗ്യമായ സ്ഥലം 7.5 ഏക്കർ മാത്രമാണ്. ഗുണമേന്മയുള്ള തെങ്ങിൻതൈകളുടെ ഉൽപാദനമാണ് കരുനാഗപ്പള്ളി സംസ്ഥാന തെങ്ങിൻ തൈ ഉൽപാദന കേന്ദ്രത്തിന്റെ പ്രധാനലക്ഷ്യം. ഫാമുകളുടെ പ്രവർത്തനം വൈവിധ്യവൽക്കരിക്കുന്നതിന്റെ ഭാഗമായി വാഴകൃഷി, പച്ചക്കറി കൃഷി, പച്ചക്കറി തൈ ഉൽപാദനം, കുരുമുളകുവള്ളി ഉൽപാദനം, വെളിച്ചെണ്ണ ഉൽപാദനം, ടിഷ്യൂ കൾച്ചർ വാഴ ഉൽപാദനം എന്നിവ പ്രസ്തുത ഫാമിൽ നടപ്പാക്കിയതോടെ കൃഷിക്ക് യോഗ്യമായ മുഴുവൻ സ്ഥലവും പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

പ്രസ്തുത ഫാമിൽ ആകെ 12 സ്ഥിരം തൊഴിലാളി തസ്തികകളാണ്

നിലവിലുള്ളത്. ഇവയിൽ 4 എണ്ണം പുരുഷ തൊഴിലാളികളുടെയും 8 എണ്ണം സ്ത്രീ തൊഴിലാളികളുടെയും തസ്തികകളാണ്. കൂടാതെ, 19 കാഷ്വൽ തൊഴിലാളികളും പ്രസ്തുത ഫാമിൽ ജോലി ചെയ്യുന്നു. തെങ്ങിൻ തൈ ഉൽപാദനത്തിന്റെയും വിതരണത്തിന്റെയും വിവിധ ഘട്ടങ്ങളിൽ വരുന്ന ജോലികളാണ് പ്രധാനമായും ഈ തൊഴിലാളികൾക്ക് നൽകിവരുന്നത്.

2019 വരെ കാഷ്വൽ തൊഴിലാളികൾക്ക് 3-4 തൊഴിൽ ദിനങ്ങൾ മാത്രമാണ് ലഭിച്ചുകൊണ്ടിരുന്നത്. എന്നാൽ പച്ചക്കറി തൈകൾ, കുരുമുളകുവള്ളി, വെളിച്ചെണ്ണ എന്നിവയുടെ ഉൽപാദനം, ടിഷ്യൂകൾച്ചർ വാഴയുടെ ഹാർഡനിങ് എന്നിവകൂടി ഫാമിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയതിന്റെ ഭാഗമായി കാഷ്വൽ തൊഴിലാളികൾക്ക് നിലവിൽ മാസം 15 തൊഴിൽ ദിനങ്ങൾവരെ ലഭിക്കുന്നുണ്ട്. കൂടാതെ, ജില്ലയിലെ മറ്റുഫാമുകളിൽ നെൽക്കൃഷിക്കായുള്ള നടീൽ, കൊയ്ത്ത് തുടങ്ങിയ അവശ്യഘട്ടങ്ങളിൽ അവിടെ ജോലി ചെയ്യാൻ തയ്യാറായ കാഷ്വൽ തൊഴിലാളികളെ ആ ഫാമുകളിലേക്കും താൽക്കാലികമായി പുനർവിന്യസിക്കുന്നതിലൂടെ പരമാവധി തൊഴിൽദിനം പ്രതിമാസം ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുന്നുണ്ട്.

സ്ഥിരം തൊഴിലാളികൾക്ക് സർക്കാർ മാനദണ്ഡം അനുസരിച്ചിട്ടുള്ള

മാസശമ്പളവും ആനുകൂല്യങ്ങളും ലഭ്യമാകുന്നുണ്ട്. കാഷ്വൽ തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ വർധിപ്പിച്ചും ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ യഥാസമയം നൽകിയും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നുണ്ട്.

തെങ്ങിൻ തൈ പാകുന്നതിനുള്ള തവാരണകൾക്ക് ഉപയോഗിച്ചശേഷം ബാക്കി വരുന്ന സ്ഥലത്ത് മാത്രമെ ഇതര കൃഷി സാധ്യമാകുകയുള്ളൂവെന്നതിനാൽ വൈവിധ്യവൽക്കരണത്തിനുള്ള സാധ്യത ഈ ഫാമിൽ തുലോം കുറവാണ്. എന്നിരുന്നാലും അലങ്കാര സസ്യങ്ങളുടെ ഒരു നഴ്സറിയും കൂണിന്റെ വിത്തുൽപാദന യൂണിറ്റും ഈ ഫാമിൽ ഒരുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ഇതുവഴി ഫാമിന്റെ വരുമാനം വർധിപ്പിക്കാനും തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനം നൽകാനും സാധ്യമാകും.

## അനുബന്ധം-17

വിരമിച്ച കപ്പൽ ജീവനക്കാർക്ക് പെൻഷൻ സംബന്ധിച്ച് ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.-യുടെ സബ്മിഷന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി നൽകിയ മറുപടി

വിരമിച്ച കപ്പൽ ജീവനക്കാർക്ക് പെൻഷൻ ഏർപ്പെടുത്താനുള്ള പദ്ധതി സംബന്ധിച്ച് വിലയിരുത്തുന്നതിനായി വിവിധ സംസ്ഥാനങ്ങളിൽ ഈ മേഖലയിൽ ഏർപ്പെടുത്തിയിട്ടുള്ള പെൻഷൻ പദ്ധതികൾ പരിശോധിച്ചിരുന്നു.

അതിൽ ഗോവ സംസ്ഥാനത്ത് 60 വയസ്സിനുമുകളിൽ പ്രായമുള്ളതും 1,20,000/- രൂപയിൽ താഴെ വാർഷിക വരുമാനം ലഭിക്കുന്നതും കുറഞ്ഞ ശമ്പളത്തിൽ ജോലി ചെയ്തിരുന്നവരുമായ വിരമിച്ച കപ്പൽ ജീവനക്കാർക്ക്/ആശ്രിതർക്ക് 2500/- രൂപ പ്രതിമാസ പെൻഷൻ നൽകുന്ന പദ്ധതി നിലവിലുള്ളതായി മനസ്സിലാക്കുന്നു. സമുദ്രാധിഷ്ഠിത മേഖലയിലെ, വിശിഷ്യാ കപ്പൽ ജോലിയിലെ താഴ്ന്ന വിഭാഗത്തിൽ പഴയകാലം മുതലേ കൂടുതൽ ആളുകൾ ജീവനോപാധികൾ തേടുന്ന ഒരു സംസ്ഥാനം എന്ന നിലയിലാകും ഗോവ സർക്കാർ ഇപ്രകാരം ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത് എന്ന് കരുതുന്നു.

കപ്പൽ മേഖലയിൽ താഴെത്തട്ടിൽ കുറഞ്ഞ ശമ്പളത്തോടുകൂടി ജോലി ചെയ്ത ജീവനക്കാരുടെ എണ്ണം കേരള സംസ്ഥാനത്ത് ഇതുവരെയും കണക്കാക്കിയിട്ടില്ല. മാത്രമല്ല കപ്പൽ മേഖലയിൽ താഴ്ന്ന വിഭാഗം ജോലികൾക്കുപോലും സാമാന്യം ഭേദപ്പെട്ട വേതനം നിലനിൽക്കുന്ന മേഖലയുമാണ്. ഈ വിഭാഗത്തിന് വലിയ വീടുണ്ട് എന്ന കാരണത്താൽ ബി.പി.എൽ. കാർഡ് ലഭ്യമാകുന്നില്ല എന്നുള്ള പരാമർശം പരിശോധിക്കേണ്ടത് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പാണ്.

ഇപ്പോൾ 60 വയസ്സിന് മുകളിൽ പ്രായമുള്ള വ്യക്തികൾക്ക് വിവിധ ക്ഷേമപെൻഷനുകൾ/ ആരോഗ്യ സുരക്ഷാ പദ്ധതികൾ കേരള സർക്കാർ നടപ്പാക്കിവരുന്നുണ്ട്.

ഗോവ സർക്കാർ നടപ്പാക്കിയ പോലെ വിരമിച്ച കപ്പൽ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് വിശദമായ പഠനം ആവശ്യമാണ്. ഈ വിഷയം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

**അനുബന്ധം-18**

ഒറ്റപ്പാലം പ്രദേശങ്ങളിൽ വെടിക്കെട്ടിന് ഇളവ് സംബന്ധിച്ച ശ്രീ. കെ. പ്രേംകുമാർ, എം.എൽ.എ.-യുടെ സബ്മിഷന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി നൽകിയ മറുപടി

വള്ളുവനാട്ടിലെ ഒറ്റപ്പാലം പ്രദേശങ്ങളിൽ പൂരങ്ങളോടനുബന്ധിച്ച് തുടർന്നുവന്നിരുന്ന ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായി നടത്തിക്കൊണ്ടിരിക്കുന്ന വെടിക്കെട്ടിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളിൽ ഇളവ് ലഭിക്കുന്നതിന് ആവശ്യമായ നടപടി സംബന്ധിച്ചുള്ളതാണ് സബ്മിഷനിലെ വിഷയം.

സംസ്ഥാനത്ത് ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായി നടത്തുന്ന വെടിക്കെട്ടുകൾക്ക് അനുമതി ലഭിക്കുന്നതിന് 04-01-2024 ന് M-42 നമ്പറായി

പെട്രോളിയം & എക്സ്പ്ലോസീവ്സ് സേഫ്റ്റി ഓർഗനൈസേഷൻ (PESO) പുറപ്പെടുവിച്ച ഗൈഡ്‌ലൈൻസ് പ്രകാരം വെടിക്കെട്ട് നടത്താനുദ്ദേശിക്കുന്ന തീയതിക്ക് 2 മാസം മുമ്പ് എക്സ്പ്ലോസീവ്സ് (അമെന്റ്മെന്റ്) റൂൾസ്, 2024 പ്രകാരമുള്ള രേഖകൾ സഹിതം കളക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾ അന്വേഷണത്തിനും റിപ്പോർട്ടിനുമായി ജില്ലാ പോലീസ് മേധാവി, ജില്ലാ ഫയർ ഫോഴ്സ് ഓഫീസർ, തഹസിൽദാർ, പഞ്ചായത്ത് അധികാരികൾ എന്നിവർക്ക് കൈമാറുന്നു. വെടിക്കെട്ട് നടത്തുന്ന സ്ഥലങ്ങളിൽ സർക്കാർ നിർദേശ പ്രകാരമുള്ള PESO (Petroleum and Explosives Safety Organization) മാനദണ്ഡങ്ങൾ പാലിക്കുന്നതിനെ സംബന്ധിച്ചും സുരക്ഷാ ക്രമീകരണങ്ങൾ പാലിക്കുന്നുണ്ടോ എന്നതിനെ സംബന്ധിച്ചും അപേക്ഷകന് സാധുതയുള്ള ലൈസൻസ് ഉണ്ടോയെന്നും ടി ലൈസൻസിയുടെ പേരിൽ കേസുകൾ ഉണ്ടോ എന്നതിനെ സംബന്ധിച്ചും അന്വേഷണം നടത്തി ലഭിക്കുന്ന അന്വേഷണ റിപ്പോർട്ട് ജില്ലാ പോലീസ് യഥാസമയം ജില്ലാ കളക്ടർക്ക് കൈമാറുന്നതാണ്. അന്വേഷണ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിൻ്റെ അടിസ്ഥാനത്തിൽ എക്സ്പ്ലോസീവ്സ് (അമെന്റ്മെന്റ്) റൂൾസ്, 2024 പ്രകാരവും PESO പുറപ്പെടുവിച്ച ഗൈഡ്

ലൈൻസ് പ്രകാരവുമുള്ള നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ബോധ്യപ്പെടുന്നപക്ഷം ജില്ലാ കളക്ടർ വെടിക്കെട്ട് പ്രദർശനത്തിന് അനുമതി നൽകുന്നതാണ്.

വള്ളുവനാട്ടിലെ ഒറ്റപ്പാലം പ്രദേശത്തെ ക്ഷേത്രങ്ങളിൽ പൂരങ്ങളോടനുബന്ധിച്ച് ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായി വെടിക്കെട്ട് നടത്തുന്നതിനായി 2025 വർഷത്തിൽ 19-02-2025 വരെ 7 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ടി അപേക്ഷകളിൽ 4 എണ്ണത്തിൽ പോലീസ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും മറ്റ് 3 എണ്ണത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതായുമുണ്ട്. പോലീസ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ച 4 അപേക്ഷകളിൽ വെടിക്കെട്ട് നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളിൽ മാനദണ്ഡങ്ങൾ അനുസരിച്ചുള്ളതായി കാണുന്നില്ല. ആയത് സംബന്ധിച്ച് പാലക്കാട് ജില്ലാ പോലീസ് മേധാവി നൽകിയ റിപ്പോർട്ടിനെ തുടർന്ന് പ്രസ്തുത 4 അപേക്ഷകളിലും പാലക്കാട് ജില്ലാ കളക്ടർ വെടിക്കെട്ട് നടത്തുന്നതിന് അനുമതി നിഷേധിച്ചിട്ടുള്ളതും ടി അപേക്ഷകർ ഹൈക്കോടതിയെ സമീപിച്ച് വെടിക്കെട്ട് നടത്തുന്നതിനുള്ള അനുമതി നേടിയെടുത്തിട്ടുള്ളതുമാണ്. വള്ളുവനാട്ടിലെ ഒറ്റപ്പാലം പ്രദേശങ്ങളിൽ

പൂരങ്ങളോടനുബന്ധിച്ച് ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായി നടത്തിവരുന്ന വെടിക്കെട്ടുകൾക്ക് പ്രത്യേക ഇളവുകൾ നൽകിയിട്ടില്ലാത്തതാണ്.

ഒറ്റപ്പാലം പ്രദേശങ്ങളിൽ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ പൂരങ്ങളോടനുബന്ധിച്ച് ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായി വെടിക്കെട്ട് നടത്താറില്ലെന്നും എന്നാൽ ശ്രീ ചിനക്കത്തൂർ ഭഗവതി ദേവസ്വത്തിന്റെ പൂരാഘോഷത്തിനായി മൂന്ന് ദേശക്കമ്മിറ്റികൾ വെടിക്കെട്ടിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളിൽ ഇളവ് വാങ്ങിയിട്ടുള്ളതായി അറിയുന്നുവെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മിഷണറും അറിയിച്ചിട്ടുണ്ട്.

ക്ഷേത്രങ്ങളിൽ വെടിക്കെട്ട് നടത്തുന്നതിന് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തി കേന്ദ്ര സർക്കാർ എക്സ്പ്ലോസീവ്സ് (ഭേദഗതി) ചട്ടങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. അത് കേരളത്തിലെ ക്ഷേത്രോത്സവങ്ങളുടെയും പൂരങ്ങളുടെയും ഭാഗമായ വെടിക്കെട്ടുകളെ ബാധിക്കും എന്നതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 18-11-2024-ലും ബഹുമാനപ്പെട്ട തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി 22-10-2024- ലും ബഹുമാനപ്പെട്ട കേന്ദ്ര വാണിജ്യ-വ്യവസായ വകുപ്പുമന്ത്രി ശ്രീ. പിയൂഷ് ഗോയലിന് കേന്ദ്ര ചട്ടഭേദഗതി നടപ്പിൽവരുത്തും മുമ്പ് സംസ്ഥാനത്തെ സാഹചര്യം ശരിയായി

വിലയിരുത്തണമെന്നാവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്.

## അനുബന്ധം-19

**വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനത്തിന് പോലീസ് വെരിഫിക്കേഷൻ സംബന്ധിച്ച് ശ്രീ. യു. എ. ലത്തീഫ് എം.എൽ.എ.-യുടെ സബ്മിഷന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി നൽകിയ മറുപടി**

സർക്കാർ സർവീസിൽ നിയമിതരാകുന്ന ഉദ്യോഗാർത്ഥികൾക്ക് പോലീസ് വെരിഫിക്കേഷൻ നിർബന്ധമാക്കിക്കൊണ്ട് ആഭ്യന്തര വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും പി.എസ്.സി. വെരിഫിക്കേഷന്റെയും അടിസ്ഥാനത്തിലാണ് പ്രസ്തുത ഉദ്യോഗാർത്ഥികളുടെ നിയമനം സ്ഥിരപ്പെടുത്തുന്നത്. എന്നാൽ എയ്ഡഡ് കോളേജുകളിൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന കോളേജ് അധികാരികൾ സമർപ്പിക്കുന്ന പ്രൊപ്പോസലിൽ സർക്കാർ നോമിനിയെ അനുവദിച്ച് നൽകിയശേഷം കോളേജ് അധികൃതർ പത്രപരസ്യം മുഖേന അപേക്ഷ ക്ഷണിച്ച് സർക്കാരിന്റെയും സർവകലാശാലകളുടേയും ഉത്തരവുകളുടെ അടിസ്ഥാനത്തിലുള്ള നപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സർക്കാർ നോമിനി ഉൾപ്പെടുന്ന സ്റ്റാഫ് സെലക്ഷൻ കമ്മിറ്റി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽനിന്നുമാണ് നിലവിൽ അധ്യാപക/അനധ്യാപക നിയമനം

നിയമനാധികാരിയായ മാനേജർ നടത്തിവരുന്നത്.

30-09-2021-ലെ 63/2021/ആഭ്യന്തരം നമ്പർ ഉത്തരവുപ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡുകൾ, വികസന അതോറിറ്റികൾ, സഹകരണ സ്ഥാപനങ്ങൾ, ദേവസ്വം ബോർഡുകൾ എന്നിവിടങ്ങളിൽ നിയമിതരാകുന്ന ഉദ്യോഗാർഥികൾക്ക് സർക്കാർ സർവീസിൽ നിഷ്കർഷിച്ചിട്ടുള്ളതുപോലെ പോലീസ് വെരിഫിക്കേഷൻ നിർബന്ധമാക്കി സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളിലും നടപ്പാക്കാൻ കോളേജ് വിദ്യാഭ്യാസ വകുപ്പിനോടും നിർദേശിച്ചിരുന്നു. അതിനാലാണ് ആഭ്യന്തര വകുപ്പ്, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ എന്നിവർ മുന്നോട്ട് വച്ച നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് എയ്ഡഡ് കോളേജുകളിൽ അധ്യാപക/ അനധ്യാപക തസ്തികകളിൽ നിയമിതരാകുന്നവരുടെ സ്വഭാവപശ്ചാത്തലം വിലയിരുത്തുന്നതിലേക്കായി പോലീസ് വെരിഫിക്കേഷൻ നിർബന്ധമാക്കികൊണ്ട് 19-07-2023-ൽ 14/2023 നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

സർക്കാർ ഖജനാവിൽ നിന്നുമാണ് ശമ്പളം നൽകുന്നത് എന്നതിനാൽ സർക്കാർ സർവീസിൽ നിയമിതരാകുന്ന ഉദ്യോഗാർഥികൾക്ക് പോലീസ് വെരിഫിക്കേഷൻ നിർബന്ധമാക്കിക്കൊണ്ട് ആഭ്യന്തര വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിന് സമാനമായി എയ്ഡഡ് കോളേജുകളിൽ അധ്യാപക/ അനധ്യാപക തസ്തികകളിൽ നിയമിതരാകുന്നവരുടെ സ്വഭാവപശ്ചാത്തലം വിലയിരുത്തുന്നതിലേക്കായി പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെ കൂടി അടിസ്ഥാനത്തിൽ നിയമനാംഗീകാരം നൽകുന്നത് ഉചിതമായിരിക്കും എന്ന സദുദ്ദേശ്യത്തോടെയാണ് പോലീസ് വെരിഫിക്കേഷൻ നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖയായി ഉന്നത വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

## അനുബന്ധം-20

## പൊതുപ്രവേശന പരീക്ഷയിലെ ആശയക്കുഴപ്പംസംബന്ധിച്ച് ശ്രീ. ടി. സിദ്ദിഖ് എം.എൽ.എ.-യുടെ സബ്മിഷന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി നൽകിയ മറുപടി

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കേരള സംസ്ഥാന കമ്മിഷൻ സമർപ്പിച്ച

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 03-06-2021-ലെ 114/2021/പൊഭവ ഉത്തരവുപ്രകാരം സംവരണേതര വിഭാഗങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത പട്ടികയിലെ 163 ക്രമനമ്പരായിട്ടുള്ള സിറിയൻ കാത്തലിക് (സീറോ മലബാർ കാത്തലിക്) എന്ന പേരിന് പകരം സീറോ മലബാർ സിറിയൻ കാത്തലിക് എന്നാക്കി മാറ്റണമെന്നാവശ്യപ്പെട്ട് സീറോ മലബാർ ആർച്ച് ബിഷപ് നിവേദനം സമർപ്പിക്കുകയും പ്രസ്തുത നിവേദനത്തിന്മേൽ കമ്മിഷനിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. കമ്മിഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 163-നമ്പരായിട്ടുള്ള സിറിയൻ കാത്തലിക് (സീറോ മലബാർ കാത്തലിക്) എന്ന പേര് സീറോ മലബാർ സിറിയൻ കാത്തലിക് എന്നാക്കി മാറ്റം വരുത്തിക്കൊണ്ട് 08-07-2023 109/2023/പൊഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

പ്രവേശന പരീക്ഷാ കമ്മിഷണർ വിവിധ കോഴ്സുകൾക്കായി ക്ഷണിക്കുന്ന ഓൺലൈൻ അപേക്ഷകളിൽ സംവരണേതര വിഭാഗങ്ങളെ ജനറൽ എന്നോ ബാധകമെങ്കിൽ EWS എന്നോ വിദ്യാർഥികൾ നേരിട്ട് രേഖപ്പെടുത്തുന്ന രീതിയിലാണ് അപേക്ഷാ ഫോമുകൾ തയ്യാറാക്കിയിട്ടുള്ളത്. സംവരണേതര വിഭാഗങ്ങളുടെ caste/community കാണിക്കുകയോ ചോദിക്കുകയോ

ചെയ്യുന്നില്ല. ജനറൽ കാറ്റഗറിക്ക് പ്രത്യേകമായി ലിസ്റ്റ് പ്രോസ്പെക്ടസിൽ ഇല്ലാത്തതിനാൽ പോർട്ടലിൽ പ്രസ്തുത വിഭാഗത്തിനെ പരാമർശിച്ചിട്ടില്ല എന്നുള്ള വിവരവും സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## അനുബന്ധം-21

**ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നം സംബന്ധിച്ച് അഡ്വ. ജി. സ്റ്റീഫൻ എം.എൽ.എ.-യുടെ സബ്മിഷന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി നൽകിയ മറുപടി**

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരടക്കമുള്ള ഭിന്നശേഷിക്കാരെയും സമൂഹത്തിന്റെ പ്രത്യേക പരിഗണന ആവശ്യമുള്ള വിഭാഗങ്ങളെയും ചേർത്തുപിടിച്ചാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. The Rights of Persons with Disabilities Act, 2016 (RPWD Act)-ലെ വ്യവസ്ഥകൾ ഏറ്റവും കാര്യക്ഷമമായി നടപ്പാക്കുന്ന സംസ്ഥാനമാണ് കേരളം. ഭിന്നശേഷിക്കാരുടെ സമഗ്ര പുരോഗതി ലക്ഷ്യം വച്ചുകൊണ്ടും RPWD ആക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായും വിവിധ തരത്തിലുള്ള പദ്ധതികളും പ്രവർത്തനങ്ങളും സർക്കാർ നടപ്പാക്കിവരുന്നുണ്ട്.

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരുടെ സംരക്ഷണത്തിനുവേണ്ടി പുനരധിവാസം, ആരോഗ്യം, സ്വയംതൊഴിൽ വിദ്യാഭ്യാസം, തൊഴിൽ സംവരണം എന്നീ മേഖലകളിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്.

ഭിന്നശേഷിക്കാരുടെ ഉന്നമനവും പുനരധിവാസവും NGO സഹകരണത്തോടെ നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള അതിജീവനം പദ്ധതി പ്രകാരം ഭിന്നശേഷിക്കാർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, പകൽ പരിപാലന കേന്ദ്രങ്ങൾ, കാഴ്ചവൈകല്യമുള്ളവർക്കും ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കും വിവര സാങ്കേതിക വിദ്യയിലൂടെ ഉന്നമനം ലക്ഷ്യമിടുന്ന പദ്ധതി, മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള മാതൃക പുനരധിവാസ പരിപാടി, ഭിന്നശേഷിക്കാർക്കുള്ള മുഖ്യധാര പുനരധിവാസം ഉറപ്പുവരുത്തുന്നതിനുള്ള നൂതന പദ്ധതികൾ എന്നിവ നടപ്പാക്കിവരുന്നു.

കൂടാതെ, സർക്കാരിന്റെ വിവിധ വകുപ്പുകളും വിവിധ സന്നദ്ധ സംഘടനകളും ഭിന്നശേഷിക്കാർക്കുവേണ്ടി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ നടത്തി വരുന്നുണ്ട്.

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്കായി തൊഴിലധിഷ്ഠിത/ വൈദഗ്ധ്യ വികസനത്തിനുവേണ്ടി പ്രചോദനം എന്ന പേരിൽ പുതിയ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തോടടുക്കുകയാണ്.

സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾ മുഖേന ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്കും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട്.

ബൗദ്ധിക വെല്ലുവിളി നേരിടുന്ന ഭിന്നശേഷിക്കാരുടെ നിർധനരും മറ്റ് വരുമാന മാർഗ്ഗങ്ങൾ ഒന്നും ഇല്ലാത്തവരും ഭർത്താവ് ഉപേക്ഷിച്ചതോ/ മരണപ്പെട്ടതോ ആയ അമ്മമാർക്ക് സ്നേഹയാനം പദ്ധതി വഴി ഇലക്ട്രിക് ഓട്ടോ നൽകിവരുന്നുണ്ട്.

ഭിന്നശേഷിക്കാർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും UDID കാർഡും നൽകുന്ന പദ്ധതിപ്രകാരം ആദ്യം രജിസ്റ്റർ ചെയ്ത 4,96,249 അപേക്ഷകരിൽ 3,81,192 പേർക്ക് UDID കാർഡ് ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ ഭിന്നശേഷിക്കാർക്കും UDID കാർഡ് വിതരണം ചെയ്യുന്നതിനുള്ള പ്രത്യേക കാമ്പയിൻ നടത്തുന്നതിന് അടിയന്തര നടപടി

സ്വീകരിച്ചുവരുന്നു.

നിലവിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശ സ്ഥാപനങ്ങൾ മുഖേന ബൗദ്ധിക ഭിന്നശേഷി നേരിടുന്ന കുട്ടികൾക്കായി ബഡ്സ് സ്കൂളുകൾ/ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ എന്നിവയും പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിൽ 378 ബഡ്സ് സ്ഥാപനങ്ങൾ (166 ബഡ്സ് സ്കൂളുകളും 212 ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും) സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിലൂടെ 13081 പരിശീലനാർഥികൾക്ക് അവരുടെ ദൈനംദിന ജീവിതം, പുനരധിവാസം, തൊഴിൽ പരിശീലനം എന്നിവയ്ക്ക് പിന്തുണ ലഭിക്കുന്നു. ബഡ്സ് സ്ഥാപനങ്ങൾക്ക് വാഹനങ്ങൾ വാങ്ങുന്നതിന് 36 ബഡ്സ് സ്കൂളുകൾക്ക് 15 ലക്ഷം രൂപ വീതം കുടുംബശ്രീ അനുവദിച്ച് നൽകിയിരുന്നു. ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി 12.5 ലക്ഷം രൂപ വീതം 259 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചു. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി SCERT- യുമായി ചേർന്ന് പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കുകയും അതിൽ അധ്യാപകർക്ക് പരിശീലനം ലഭ്യമാക്കുകയും ചെയ്തു. ബഡ്സ് സ്ഥാപനങ്ങളിൽ എത്തുന്ന കുട്ടികൾക്കും അമ്മമാർക്കുമായി ഉപജീവന

മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായി സ്പെഷ്യൽ ലൈവ്‌ലിഹുഡ് പാക്കേജിൽ ഉൾപ്പെടുത്തി 230 സ്ഥാപനങ്ങളിൽ ഉപജീവന പ്രവർത്തനങ്ങൾക്കായി 4 കോടി രൂപ അനുവദിച്ചുനൽകി. പരിശീലനം പൂർത്തീകരിച്ച് ഉൽപന്ന നിർമ്മാണം ആരംഭിച്ചു. കുട്ടികളുടെ മാനസികവും ശാരീരികവുമായ ഉല്ലാസത്തിനായി ബഡ്സ് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സഞ്ജീവനി-അഗ്രിതെറാപ്പി എന്ന പേരിൽ പഴം/പച്ചക്കറി കൃഷി നടത്തുന്നു.

സാമൂഹ്യനീതി വകുപ്പിന്റേയും കോഴിക്കോട് സർവകലാശാലയുടേയും സംയുക്ത ആഭിമുഖ്യത്തിൽ ബുദ്ധിവികാസ് പരിമിതിയുള്ളവർക്ക് വേണ്ടി കമ്മ്യൂണിറ്റി ഡിസെബിലിറ്റി മാനേജ്മെന്റ് & റിഹാബിലിറ്റേഷൻ പ്രോഗ്രാം കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലായി നടപ്പാക്കിവരുന്നു.

കേരള സാമൂഹ്യ സുരക്ഷാമിഷൻ, സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്കായി വിവിധ പദ്ധതികൾ നടപ്പാക്കുന്നു. " അനുയാത്ര' പദ്ധതിയുടെ ഭാഗമായി 18 വയസ്സിനുമുകളിൽ പ്രായമുള്ള ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്കായി അക്കാദമിക പരിശീലനത്തോടൊപ്പം തെറാപ്പികൾ, നൈപുണ്യ വികസനം തുടങ്ങിയവ

ലഭ്യമാക്കുന്നതിനായി മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കണ്ണൂരിലെ മട്ടന്നൂർ, മാടായി, എരിഞ്ഞോളി പഞ്ചായത്തുകൾ, മലപ്പുറം താനാളൂർ, കാസർഗോഡ് എൻഡോസൾഫാൻ ബാധിത പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ ഇത്തരം കേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. മാതാപിതാക്കൾക്ക് കൃത്യമായ പരിശീലനം നൽകി തെറാപ്പികൾ നൽകാനും കൃത്യമായ പരിചരണം സാധ്യമാക്കാനും സഹായകമായ പേരന്റ് എംപവർമെന്റ് പ്രോഗ്രാം, ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസത്തിനുള്ള പ്രത്യേക പാക്കേജ്, ഓട്ടിസം അവസ്ഥയിലുള്ളവർക്ക് സ്പെക്ട്രം പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി മെഡിക്കൽ കോളേജുകളിലും ഓട്ടിസം സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. നിപ്മറിൽ റീജണൽ ഓട്ടിസം റീഹാബിലിറ്റേഷൻ ആൻഡ് റിസർച്ച് സെന്ററിലും മാതൃകാപരമായ പുനരധിവാസ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഭിന്നശേഷിക്കാരായ മുതിർന്നവർക്ക് കാർഷിക സർവകലാശാലയുടെ സഹായത്തോടെ ഹോർട്ടികൾച്ചർ തെറാപ്പിയുടെ വിവിധ കേന്ദ്രങ്ങളിൽ നടന്നുവരുന്നു. ഇതിലൂടെ കാർഷികവൃത്തിയിലേർപ്പെട്ട് ചെറിയ

വരുമാനമാർജ്ജിക്കാനും അവർക്ക് സാധിക്കും.

സ്പെഷ്യൽ സ്കൂൾ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട 18 വയസ്സിൽ താഴെയുള്ള 20 ഭിന്നശേഷിക്കാർ വേണമെന്ന നിബന്ധന ഒഴിവാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

ബൗദ്ധിക മാനസിക വെല്ലുവിളികൾ നേരിടുന്ന സ്ത്രീകളുടെ പുനരധിവാസത്തിനായി തൃശ്ശൂരിൽ പ്രത്യാശാ ഭവൻ, കൊല്ലത്ത് പ്രിയാ ഹോം എന്നീ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ, എൻ.ജി.ഒ. സഹകരണത്തോടെ പുതിയ പ്രതീക്ഷാ ഭവനുകളും ആരംഭിച്ചിട്ടുണ്ട്, കോഴിക്കോട് ആരംഭിച്ച പുതിയ പ്രതീക്ഷാ ഭവനിൽ നിലവിൽ 35 പേരെ സംരക്ഷിക്കുന്നുണ്ട്. 18 വയസിന് മുകളിൽ പ്രായമുള്ള ബൗദ്ധിക മാനസിക വെല്ലുവിളി നേരിടുന്ന പുരുഷൻമാരെ പുനരധിവസിപ്പിക്കുന്നതിനായി ആരംഭിച്ച മലപ്പുറം ജില്ലയിലെ പ്രതീക്ഷാ ഭവനിൽ 100 പേരെ സംരക്ഷിച്ചുവരുന്നു.

ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസത്തിനുവേണ്ടി സംസ്ഥാനത്തിന്റെ മൂന്ന് മേഖലകളിലായി സാമൂഹ്യനീതി വകുപ്പിനുകീഴിൽ അന്താരാഷ്ട്രനിലവാരത്തിലുള്ള മൂന്ന് പുനരധിവാസ വില്ലേജുകൾ

സ്ഥാപിക്കുമെന്ന സർക്കാർ നയപ്രഖ്യാപനം നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

കേരളത്തിലെ 40 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ള മുഴുവൻ വ്യക്തികൾക്കും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ സമഗ്ര ഇൻഷ്വറൻസ് നടപ്പാക്കിവരുന്നുണ്ട്.

RPWD Act 2016 സെക്ഷൻ 34 (1) പ്രകാരം, നിലവിൽ ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന വിഭാഗത്തിന് 1 % തൊഴിൽ സംവരണം നടപ്പാക്കി വരുന്നുണ്ട്. 1600/- രൂപ നിരക്കിൽ പ്രതിമാസ പെൻഷൻ, തീവ്ര ഭിന്നശേഷിയുള്ളവരെ പരിചരിക്കുന്നവർക്ക് ആശ്വാസകിരണം പദ്ധതി മുഖേന പ്രതിമാസം 600/- രൂപ നിരക്കിൽ നൽകൽ എന്നീ ആനുകൂല്യങ്ങളും സർക്കാർ ലഭ്യമാക്കി വരുന്നുണ്ട്.

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ വിഷയത്തിന് പ്രത്യേക പ്രാധാന്യം നൽകേണ്ടതിന്റെ ആവിശ്യകത ഉൾക്കൊണ്ടുകൊണ്ട് ഈ മേഖലയിൽ സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിക്കുന്നതിന് സർക്കാർ ആലോചിച്ചുവരുന്നു. ഇതിന് മാത്രമായി ഒരു കോടി രൂപ 2025-26 വർഷത്തെ

ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ ഓട്ടിസം സ്പെക്ട്രം ഡിസോർഡറുള്ള കുട്ടികളുടെ പുനരധിവാസത്തിനായി 4 കോടി (400 ലക്ഷം) രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നീ വകുപ്പുകൾ മുഖേനയും ഈ മേഖലയിൽ നിരവധിയായ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നുണ്ട്.

എല്ലാ രീതിയിലും ബൗദ്ധിക വെല്ലുവിളി നേരിടുന്ന ഭിന്നശേഷിക്കാരടക്കമുള്ള എല്ലാ ഭിന്നശേഷിക്കാരെയും അരികുവൽക്കരിക്കപ്പെട്ട മറ്റ് വിഭാഗം ജനതയെയും ചേർത്ത് പിടിച്ചാണ് സർക്കാർ മുന്നോട്ട് പോകുന്നത്.

## അനുബന്ധം-22

**അധ്യാപകർക്ക് നിയമനാംഗീകാരവും സാമ്പത്തികാനുകൂല്യവും സംബന്ധിച്ച് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ.-യുടെ സബ്മിഷന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടി**

29-01-2016-ലെ സർക്കാർ ഉത്തരവ് പ്രകാരം, എയ്ഡഡ് സ്കൂളുകളിലെ അധിക തസ്തികകളിൽ 1:1 അനുപാതത്തിൽ സംരക്ഷിത അദ്ധ്യാപകരെ നിയമിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. അധിക തസ്തികകളിൽ

മേൽ ഉത്തരവിന് വിധേയമായി എപ്രകാരമാണ് നിയമിക്കേണ്ടത് എന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് 03.12.2016 ലെ വിജ്ഞാപനം പ്രകാരം കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം XXI ചട്ടം 7-ൽ ഭേദഗതി വരുത്തുകയും സംരക്ഷിത അദ്ധ്യാപകരെ നിയമിക്കേണ്ടത് ഏതെല്ലാം ഒഴിവുകളിലാണെന്ന് വ്യക്തമാക്കുകയും ചെയ്തു. പ്രസ്തുത ചട്ട ഭേദഗതി വഴി സംരക്ഷിത അദ്ധ്യാപകരെ നിയമിക്കുന്നതിന് നിയമപ്രാബല്യം നൽകുകയും, 29.01.2016 മുതൽ മുൻകാല പ്രാബല്യവും നൽകുകയുമുണ്ടായി.

1958-ലെ കേരള വിദ്യാഭ്യാസ ആക്ട് സെക്ഷൻ 36 പ്രകാരം, ചട്ട ഭേദഗതികൾക്ക് മുൻകാല പ്രാബല്യം നൽകാൻ സർക്കാരിന് അധികാരം നൽകുന്നു. ഈ സാഹചര്യത്തിലാണ് 3-12-2016-ലെ സർക്കാർ ഉത്തരവ് പ്രകാരം നടത്തിയ ചട്ടഭേദഗതിക്ക് മുൻകാല പ്രാബല്യം നൽകിയത് (SRO 752/2016). പ്രസ്തുത ചട്ടഭേദഗതിക്ക് മുൻകാല പ്രാബല്യം നൽകിയ നടപടി ഹൈക്കോടതി 11-10-2017 ലെ WP 1356/17 നമ്പർ കേസിന്റെയും അനുബന്ധ കേസുകളുടേയും വിധിന്യായത്തിൽ ശരിവച്ചിട്ടുള്ളതുമാണ്. ആയതിനാൽ മുൻകാല പ്രാബല്യം നൽകിയ നടപടി പുനഃപരിശോധിക്കണമെന്ന ആവശ്യം ചട്ടപ്രകാരം നിലനിൽക്കാത്തതാണ്.

## അനുബന്ധം-23

**ദേശമംഗലം ഐ.ടി.ഐ.-യിലെ പഠന സൗകര്യം വർധിപ്പിക്കലുമായി ബന്ധപ്പെട്ട് ശ്രീ. യു. ആർ. പ്രദീപ് എം.എൽ.എ.-യുടെ സബ്മിഷന് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടി.**

ചേലക്കര നിയമസഭാ മണ്ഡലത്തിലെ ദേശമംഗലം സർക്കാർ ഐ.ടി.ഐ-ക്ക് 2.37 ഏക്കർ സ്ഥലവും നിലവിലുള്ള 2 ട്രേഡുകൾക്ക് പുറമേ 5 ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള കെട്ടിടം അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണ്. പ്രസ്തുത ഐ.ടി.ഐ-യിൽ ഇലക്ട്രീഷ്യൻ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ എന്നീ ട്രേഡുകളിലാണ് നിലവിൽ പരിശീലനം നൽകി വരുന്നത്. പുതിയ ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രെയിനിംഗ് (DGT) നോംസ് അനുസരിച്ച് ഒരു ഐ.ടി.ഐ-യിൽ കുറഞ്ഞത് 4 ട്രേഡുകൾ (8 യൂണിറ്റ്) വേണമെന്നുമുള്ളതിനാൽ സ്ഥല സൗകര്യം ലഭ്യമായ എല്ലാ ഐ.ടി.ഐ.-കളിലും കൂടുതൽ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശകൾ സർക്കാരിൽ ലഭ്യമായിരുന്നുവെങ്കിലും സർക്കാർ ഐ.ടി.ഐ.കളിൽ പുതിയ ട്രേഡുകൾ തുടങ്ങുന്നതിന് തസ്തികകൾ സൃഷ്ടിക്കൽ, ഉപകരണ സജ്ജീകരണം, അടിസ്ഥാന സൗകര്യ വികസനം എന്നിവയിലെല്ലാം അധിക സാമ്പത്തിക ബാധ്യതകൾ ഉണ്ടാകുന്നതിനാലും സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പുതുതായി അധിക

സാമ്പത്തിക ബാധ്യതകൾ ഏറ്റെടുക്കാൻ സാധിക്കാത്തതിനാലും നിലവിലുള്ള ഐ.ടി.ഐ.-കളിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് സാധിക്കാത്ത അവസ്ഥയാണുള്ളത്. ഈ സാഹചര്യത്തിൽ ചില ട്രേഡുകളിൽ കൂടുതൽ യൂണിറ്റുകൾ ഉള്ള ഐ.ടി.ഐ.-കളിൽ നിന്നും ഏതാനും യൂണിറ്റുകൾ, ട്രേഡുകൾ ആരംഭിക്കുന്നതിന് കെട്ടിടം അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉള്ള ഐ.ടി.ഐ.-കളിലേക്ക് ഷിഫ്റ്റ് ചെയ്യുന്നതിനെക്കുറിച്ച് വ്യാവസായിക പരിശീലന വകുപ്പ് പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിലുള്ള ശിപാർശ വ്യാവസായിക പരിശീലന വകുപ്പ് തയ്യാറാക്കി വരുന്നു. ദേശമംഗലം ഐ.ടി.ഐ.-യിലേക്കും ഈ വിധത്തിൽ ചാലക്കുടി ഐ.ടി.ഐ.-യിൽ നിന്നുള്ള ട്രേഡ് യൂണിറ്റുകളും ചാലക്കുടി വനിതാ ഐ.ടി.ഐ.-യിലെ കുട്ടികൾ നാമമാത്രമായി അഡ്മിഷൻ തേടുന്ന ട്രേഡുകളും ഷിഫ്റ്റ് ചെയ്യുന്നത് പരിഗണിക്കാവുന്നതാണ്. ചാലക്കുടി വനിതാ ഐ.ടി.ഐ-യിലെയും ചാലക്കുടി ജനറൽ ഐ.ടി.ഐ-യിലെയും ട്രേഡുകൾ ദേശമംഗലം ഐ.ടി.ഐ.-യിലേക്ക് ഷിഫ്റ്റ് ചെയ്യുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

## അനുബന്ധം-24

**മണത്തല സ്കൂൾ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീ. എൻ. കെ. അക്ബർ എം.എൽ.എ.-യുടെ സബ്മിഷന് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടി.**

5 കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെട്ട തൃശ്ശൂർ ജില്ലയിലെ GHSS മണത്തല സ്കൂളിന്റെ നിർമ്മാണം എസ്.പി.വി-യായ KITE ഏതാണ്ട് എഴുപത് ശതമാനത്തോളം പൂർത്തിയാക്കിയ അവസരത്തിൽ കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്യേണ്ട സാഹചര്യമുണ്ടാകുകയും തുടർന്നുള്ള നിർമ്മാണത്തിന് പുതിയ എസ്.പി.വി.-യായി കിറ്റ്കോയെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് KITCO എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിയും കിഫ്ബിയുടെ അംഗീകാരവും ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നു. തുടർന്ന് റീടെണ്ടർ നടപടികളും KITCO പൂർത്തീകരിച്ചിട്ടുണ്ട്. ഉടൻ തന്നെ നിർമ്മാണത്തിനുള്ള വർക്ക് അവാർഡ് ചെയ്യാൻ കഴിയുന്നതാണ്.

## അനുബന്ധം-25

**മലയോര ഹൈവേ എടപ്പറമ്പ് കോളിച്ചാൽ പൂർത്തീകരണം സംബന്ധിച്ച് ശ്രീ. സി. എച്ച്. കുഞ്ഞമ്പു എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടി**

കേരളത്തിന്റെ അഭിമാന പദ്ധതിയായ മലയോര ഹൈവേ പദ്ധതിയിൽ ഉൾപ്പെടുന്നതാണ് കാസർഗോഡ് ജില്ലയിലെ കോളിച്ചാൽ -എടപറമ്പ റീച്ച്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 85.15 കോടി രൂപയുടെ സാമ്പത്തികാനുമതി ഈ റീച്ചിന് നൽകിയിരുന്നു. 24 കി.മീ വരുന്ന റോഡിന്റെ 3.95 കി.മീ വനഭൂമിയിലൂടെയാണ് കടന്നുപോകുന്നത്. വനഭൂമി ഒഴികെയുള്ള ഭാഗങ്ങളിലെ മലയോര ഹൈവേ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. വനഭൂമിയിലൂടെയുള്ള മലയോര പാത നിർമ്മാണത്തിന് ആവശ്യമായ പകരം ഭൂമി കണ്ടെത്തി വനവകുപ്പിന് കൈമാറിയാൽ മാത്രമേ വനഭൂമിയിലൂടെയുള്ള റോഡ് നിർമ്മാണത്തിന് അനുമതി ലഭ്യമാവുകയുള്ളു. വനം വകുപ്പിന് കൈമാറേണ്ട തത്തുല്യമായ 4.33 ഹെക്ടർ ഭൂമി മാലോം വില്ലേജിൽ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി വനം വകുപ്പിന് കൈമാറി 07-02-2025 തീയതിയിലെ G.O (MS) No. 32/2025/RD പ്രകാരം ഉത്തരവിറക്കുകയും ചെയ്തു. വനം വകുപ്പിൽ നിന്ന് സ്റ്റേജ്-1, സ്റ്റേജ് -2 അപ്രൂവൽ ലഭ്യമാക്കുന്നതിനുള്ള രേഖകൾ കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ ആണ് ഇപ്പോൾ നടക്കുന്നത്.അത് സമയബന്ധിതമായി പൂർത്തിയാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് KRFB-PMU പ്രോജക്റ്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പള്ളാഞ്ചി I, പള്ളാഞ്ചി-II എന്നീ പാലങ്ങളുടെ നിർമ്മാണവും, ബാക്കി റോഡ്

നിർമ്മാണ പ്രവൃത്തിയും വനഭൂമി ലഭ്യമായതിനുശേഷം ഒറ്റ പദ്ധതിയായി നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

കാവുങ്കൽ പാലം, അപ്രോച്ച് റോഡ് എന്നിവയുടെ നിർമ്മാണത്തിന് പരിഷ്കരിച്ച അലൈൻമെന്റ്, കാവുങ്കൽ പാലത്തിന്റെ പ്രാഥമിക രൂപകല്പന എന്നിവ ഡിസൈൻ വിഭാഗം തയ്യാറാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ ഡി.പി.ആർ പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ് മുഖേന തയ്യാറാക്കി വരികയാണ്.

## അനുബന്ധം-26

**മൈനാഗപ്പള്ളി റെയിൽവേ മേൽപ്പാലം പൂർത്തീകരണം സംബന്ധിച്ച് ശ്രീ. കോവൂർ കുഞ്ഞുമോൻ എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടി**

ലെവൽ ക്രോസ്സില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബി ഫണ്ടിംഗോടെ അനുമതി നൽകിയ പദ്ധതിയാണ് കുന്നത്തൂർ നിയോജക മണ്ഡലത്തിലെ മൈനാഗപ്പള്ളി റെയിൽവേ മേൽപാലം നിർമ്മാണം. ആർ.ബി.ഡി.സി.കെ ആണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി. നിർമ്മാണത്തിന് 49.94 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. മേൽപ്പാലത്തിന്റെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിങ്ങിന് (ജി.എ.ഡി) റെയിൽവേയിൽനിന്നും അംഗീകാരം ലഭിച്ചു. ഇപ്പോൾ ഭൂമി

എറ്റെടുക്കൽ നടപടികൾ തുടരുകയാണ്. സാമൂഹ്യ ആഘാത പഠനം പൂർത്തിയാക്കി 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്ട്രക്ച്ചറൽ വാല്യുവേഷൻ പൂർത്തിയാക്കിക്കഴിഞ്ഞു. ഇതിന്റെ ഫണ്ട് റിക്വസ്റ്റ് ലഭ്യമായാൽ കിഫ്ബിയുമായി ആലോചിച്ച് തുടർനടപടികൾ സ്വീകരിക്കും. ഭൂമിയേറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് നടപടികളിലേക്ക് കടക്കാനാകും. ഇക്കാര്യം ഫോളോ അപ്പ് ചെയ്യാൻ ആർ.ബി.ഡി.സി.കെ എം.ഡി.യെ ചുമതലപ്പെടുത്താം.

## അനുബന്ധം-27

**കടലുകാണി ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ശ്രീമതി ഒ. എസ്. അംബിക എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടി**

തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കടലുകാണി പാറയുടെ ടൂറിസം പ്രാധാന്യം കണക്കിലെടുത്ത് പ്രസ്തുത കേന്ദ്രത്തിന്റെ രണ്ടാംഘട്ട വികസനം ഡി.റ്റി.പി.സി. മുഖേന നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ നിർവഹണ ഏജൻസിയായി ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡിനെ ഡി.റ്റി.പി.സി. തിരഞ്ഞെടുക്കുകയും ഏജൻസിയുമായി കരാർ ഒപ്പുവയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ പദ്ധതി നടപ്പാക്കാനായില്ല. ഇപ്പോൾ 2025-26 സാമ്പത്തിക വർഷത്തിൽ

കടലുകാണി പാറയിലെ രണ്ടാംഘട്ട ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി സർക്കാർ അംഗീകൃത ഏജൻസിയായ M/s. സിൽക്ക് മുഖേന സ്ഥലത്ത് നടപ്പാക്കാൻ കഴിയുന്ന പദ്ധതി ഘടകങ്ങൾ മാത്രം ഉൾപ്പെടുത്തി 99,50,000/- രൂപയുടെ പുതിയ പ്രൊപ്പോസൽ തയ്യാറാക്കി ഏജൻസി സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. അത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## അനുബന്ധം-28

### സംസ്ഥാനത്ത് കുട്ടികൾ വീട് വിട്ടിറങ്ങുന്ന പ്രശ്നത്തിന് പരിഹാരം എന്ന വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. എ. പി. അനിൽ കുമാർ എം. എൽ. എ. ഉന്നയിച്ച സബ്മിഷന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി നൽകിയ മറുപടി

വീട് വിട്ടിറങ്ങുന്നതും കാണാതാകുന്നതുമായ കുട്ടികൾ ബാലനീതി നിയമം വകുപ്പ് 2 (14) പ്രകാരം ശ്രദ്ധയും പരിചരണവും ആവശ്യമായ കുട്ടികളുടെ ഗണത്തിൽ വരുന്നതാണ്. പ്രസ്തുത കുട്ടികൾ ഉൾപ്പെടെ സംസ്ഥാനത്തെ കുട്ടികളുടെ സുരക്ഷയും പുനരധിവാസവും നടപ്പാക്കുന്നതിനായി നിലവിൽ ബാല സംരക്ഷണ സംവിധാനങ്ങൾ ശാക്തീകരിച്ച് നടപ്പാക്കിവരുന്നുണ്ട്. ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ വഴി നടപ്പാക്കുന്ന ബാല സംരക്ഷണ

സംവിധാനങ്ങളിൽ ചൈൽഡ് വെൽഫയർ കമ്മിറ്റി, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്, ശിശു സംരക്ഷണ സ്ഥാപനങ്ങൾ, ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ എന്നിവ ഉൾപ്പെടെ വിവിധ സംവിധാനങ്ങൾ നിലവിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. ശ്രദ്ധയും പരിചരണവും ആവശ്യമായ കുട്ടികളെ കണ്ടെത്തുന്നത് മുതൽ അവരുടെ സാമൂഹ്യ പശ്ചാത്തല പഠന റിപ്പോർട്ട്, വ്യക്തിഗത ശ്രദ്ധാപദ്ധതി ഉൾപ്പെടെ തയ്യാറാക്കി സ്ഥായിയായ പുനരധിവാസം ടി സംവിധാനങ്ങൾ വഴി ഉറപ്പാക്കുന്നു.

എല്ലാ ജില്ലകളിലും ജില്ലാ ശിശുസംരക്ഷണ യൂണിറ്റും അനുബന്ധമായി ചൈൽഡ് ഹെൽപ് ലൈൻ സംവിധാനം 24*7 സമയവും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഏതൊരു കുട്ടിക്കും രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കും കുട്ടികളുടെ ആവശ്യങ്ങൾക്കായി ഏത് സമയവും ബന്ധപ്പെടാവുന്ന ടോൾ ഫ്രീ നമ്പറും എമർജൻസി റെസ്പോൺസ് സംവിധാനവുമാണ് ഇതിന്റെ ഭാഗമായുള്ളത്. സംസ്ഥാനത്ത് വനിത-ശിശു വികസന വകുപ്പിലൂടെ നടപ്പാക്കുന്ന ചൈൽഡ് ഹെൽപ് ലൈൻ വഴി കഴിഞ്ഞ വർഷം (2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ) ആകെ 141 കേസുകളാണ് കുട്ടികൾ വീട്ടിൽനിന്നും ഇറങ്ങിപ്പോയതായോ കാണാതായതായോ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കൂടാതെ,

ഏതെങ്കിലും സാഹചര്യത്തിൽ കണ്ടെത്തിയതായി 176 കേസുകളും റിപ്പോർട്ട് ചെയ്യിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചേർക്കുന്നു.

| Child Helpline District Units<br>Period: 01-04-2024 to 22-03-2025 | | | |
|---|---|---|---|
| Sl. No | District | Run away/Child Missing | Found Children |
| 1 | Thiruvananthapuram | 24 | 84 |
| 2 | Kollam | 11 | 1 |
| 3 | Pathanamthitta | 5 | 6 |
| 4 | Alappuzha | 9 | 0 |
| 5 | Kottayam | 7 | 12 |
| 6 | Idukki | 15 | 1 |
| 7 | Ernakulam | 8 | 22 |
| 8 | Thrissur | 3 | 4 |
| 9 | Palakkad | 9 | 11 |
| 10 | Malappuram | 18 | 16 |
| 11 | Kozhikode | 8 | 0 |
| 12 | Wayanad | 4 | 4 |
| 13 | Kannur | 10 | 6 |
| 14 | Kasargode | 10 | 9 |
| Total | | 141 | 176 |

കേരളത്തിലെ പ്രധാന റെയിൽവേ സ്റ്റേഷനുകളായ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ സ്റ്റേഷനുകളിൽ 24*7 സമയവും പ്രവർത്തിക്കുന്ന ചൈൽഡ് ഹെൽപ് ഡെസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത ഹെൽപ് ഡെസ്കുകൾ വഴി കൃത്യമായ ഇടവേളകളിൽ ട്രെയിനുകളിലും പരിസര പ്രദേശങ്ങളിലും സേർച്ച് ഡ്രൈവുകൾ നടത്തുകയും ഒറ്റപ്പെട്ടതും കുടുംബത്തിൽനിന്നും വേർപെട്ടതുമായ കുട്ടികളെ കണ്ടെത്തി പുനരധിവാസ സംവിധാനങ്ങളായി ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നുവരുന്നു. അപ്രകാരം കണ്ടെത്തി ഇടപെടലുകൾ നടത്തിയ കുട്ടികളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെച്ചേർക്കുന്നു.

| Railway Child Help Desk<br>Period: 01-04-2024 to 22-03-2025 | | | |
|---|---|---|---|
| Sl. No | District | Run away/Child Missing | Found Children |
| 1 | Thrissur | 58 | 120 |
| 2 | Ernakulam | 57 | 97 |
| 3 | Thiruvananthapuram | 106 | 90 |
| 4 | Kozhikode | 60 | 2 |
| | Total | 281 | 309 |

പഠനത്തിലെ സമ്മർദ്ദം, വീട്ടുകാരുമായുള്ള അഭിപ്രായ വ്യത്യാസം, പ്രലോഭനങ്ങൾക്ക് വഴങ്ങൽ തുടങ്ങി പലവിധ കാരണങ്ങളാൽ പ്രായപൂർത്തിയാകാത്ത കുട്ടികൾ വീട്ടിൽനിന്നും ഇറങ്ങിപ്പോകുന്ന പ്രവണത കണ്ടുവരുന്നുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത കേസുകളെ സംബന്ധിച്ച് വിവരശേഖരണം നടത്തിയതിൽ 2022-ൽ 1547 കേസുകളിലായി 1842 കുട്ടികളെ കാണാതായതിൽ 1841 പേരെയും 2023-ൽ 1676 കേസുകളിലായി 2033 കുട്ടികളെ കാണാതായതിൽ 2029 പേരെയും 2024-ൽ 1886 കേസുകളിലായി 2208 കുട്ടികളെ കാണാതായതിൽ 2203 പേരെയും 2025 മാർച്ച് 21 വരെ 384 കേസുകളിലായി 435 കുട്ടികളെ കാണാതായതിൽ 423 പേരെയും പോലീസ് അന്വേഷിച്ച് കണ്ടെത്തിയിട്ടുള്ളതാണ്. കേരളത്തിൽ വീട് വിട്ടിറങ്ങുന്ന കുട്ടികളുടെ കണക്ക്, ആയതിന്റെ കാരണം എന്നിവ സംബന്ധിച്ച് വകുപ്പ് തലത്തിൽ വിശദമായ പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ കൗമാരത്തിൽ ചില കുട്ടികളിൽ കണ്ടക്ട് ഡിസോർഡർ, ഒപ്പൊസിഷണൽ ഡിഫയന്റ് ഡിസോർഡർ തുടങ്ങിയ വ്യക്തിത്വ മാനസിക പ്രശ്നങ്ങൾ

കണ്ടുവരാറുണ്ട്. ഇതിൽ ചുരുക്കം ചില കുട്ടികളിൽ ഇതുപോലെ വീട് വിട്ടിറങ്ങി പോകുന്ന പെരുമാറ്റങ്ങളും കണ്ടുവരാറുണ്ട്. ഇവയൊക്കെ തന്നെയും നേരത്തെ കണ്ടെത്തി ചികിത്സയിലേക്ക് എത്തിക്കാൻവേണ്ട പരിശീലനങ്ങൾ അധ്യാപകർക്കും സ്കൂൾ കൗൺസലർമാർക്കും ആരോഗ്യ വകുപ്പ് നൽകിവരുന്നുണ്ട്. എന്നിരുന്നാലും ഇക്കാര്യത്തിൽ ഉത്തരവാദിത്തപൂർണ്ണമായ രക്ഷാകർത്തൃത്വത്തിന്റെ പോരായ്മയും കുട്ടികളിൽ നിലനിൽക്കുന്ന വൾണറബിലിറ്റിയും പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കുന്നതിനുള്ള ജീവിത നൈപുണ്യത്തിന്റെ അഭാവവും ഉൾപ്പെടെയുള്ള കാര്യങ്ങൾ വലിയ പങ്ക് വഹിക്കുന്നതായി മനസിലാക്കുന്നു.

<u>ഔർ റസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ORC)</u>:

വിവിധ തരത്തിലുള്ള മാനസിക വൈകാരിക പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുട്ടികളെ ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ കണ്ടെത്തി അവർക്ക് ആയത് മറികടക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനും വനിത-ശിശു വികസന വകുപ്പ് സ്കൂളുകൾ കേന്ദ്രീകരിച്ച് റസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ പദ്ധതി നടപ്പാക്കുന്നു. നിലവിൽ 1227

സ്കൂളുകളിൽ പ്രവർത്തിക്കുന്ന ഔർ റസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ പദ്ധതി മുഖേന 472832 കുട്ടികൾക്കും 26787 രക്ഷിതാക്കൾക്കും ഇതുവരെ പിന്തുണ നൽകാൻ സാധിച്ചിട്ടുണ്ട്. ORC വഴി തിരിച്ചറിഞ്ഞ ഏറ്റവും ദുർബലമായ സാഹചര്യത്തിലുള്ള 10545 കുട്ടികളെ വിജയകരമായി പുനരധിവസിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. തികച്ചും ശാസ്ത്രീയമായ മാർഗങ്ങളിലൂടെ കണ്ടെത്തുന്ന പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് ആവശ്യമായ ജീവിത നൈപുണി നൽകി കൃത്യമായ ഇടപെടലുകളിലൂടെ അവരുടെ ജീവിത സാഹചര്യങ്ങളെ അതിജീവിക്കാൻ പ്രാപ്തരാക്കുക എന്നത് ഈ പദ്ധതിയുടെ പ്രത്യേകതയാണ്.

പേരന്റിങ് ക്ലിനിക്കുകൾ:

കുട്ടികൾ വീട് വിട്ടിറങ്ങുന്നത് ഉൾപ്പെടെ കുട്ടികളിലെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും രക്ഷകർത്താക്കൾക്ക് ഉത്തരവാദിത്വ പൂർണ്ണമായ രക്ഷാകർതൃത്വം സംബന്ധിച്ച അവബോധം നൽകുന്നതിനും ആവശ്യമായ ഘട്ടത്തിൽ കൗൺസിലിങ് ഉൾപ്പെടെ മനഃശാസ്ത്രപരമായ പിന്തുണ നൽകുന്നതിനുമായി കേരളത്തിൽ 152 ബ്ലോക്കുകളിലും 6 മുനിസിപ്പൽ

കോർപ്പറേഷനുകളിലും പേരന്റിങ് ക്ലിനിക്കുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. പേരന്റിങ് ക്ലിനിക്കുകൾ വഴി ഇതുവരെ 62582 രക്ഷാകർത്താക്കൾക്കും 53900 കുട്ടികൾക്കും വിവിധ സേവനങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. കൂടുതൽ വൾണറബിളായ കുട്ടികളാണ് ചെറിയ കാര്യങ്ങൾപോലും അതിജീവിക്കാൻ ധൈര്യം കാണിക്കാതെ വീട് വിട്ടിറങ്ങുന്നത് എന്നതിനാൽ മാതാപിതാക്കൾക്കും അത്തരത്തിലുള്ള കുട്ടികൾക്കും കൃത്യമായ മാർഗ്ഗനിർദേശവും മനഃശാസ്ത്രപരമായ പിന്തുണയും നൽകുകവഴി കുട്ടികൾക്ക് പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കുന്നതിനും കഴിയും. പ്രസ്തുത പദ്ധതിയുടെ ഗുണഫലങ്ങൾ പ്രാപ്യമാക്കുന്നതിനായി പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ പാരന്റിങ് ഔട്ട് റീച്ച് ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നുണ്ട്. പ്രസ്തുത സേവനം കൂടുതൽ ആളുകളിലേക്ക് കാര്യക്ഷമമായി എത്തിക്കുന്നതിനായി ഓൺലൈൻ പേരന്റിങ് ക്ലിനിക്കുകളുടെ പ്രവർത്തനവും വകുപ്പ് ആസൂത്രണം ചെയ്തുവരുന്നു. ആയത് ആരംഭിക്കുന്നത് വഴി കുട്ടികൾക്കും മാതാപിതാക്കൾക്കും

ഏതൊരവസരത്തിലും ആവശ്യമായ മാനസിക പിന്തുണ ഉറപ്പാക്കാൻ കഴിയും.

<u>ഡിസ്ട്രിക്ട് റിസോഴ്സ് സെന്ററുകൾ</u>:

വിവിധ തരത്തിലുള്ള മാനസിക വൈകാരിക പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതും വിദഗ്ധ പരിചരണം ആവശ്യമായുള്ളതുമായ കുട്ടികൾക്ക് പ്രത്യേക റഫറൽ സംവിധാനമായി ഓരോ ജില്ലയിലും വകുപ്പിന് കീഴിൽ ഡിസ്ട്രിക്ട് റിസോഴ്സ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. കുട്ടികളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ പ്രത്യേകം പരിശീലനം ലഭിച്ച കൗൺസിലർമാർ, സൈക്കോളജിസ്റ്റ്, സൈക്യാട്രിസ്റ്റ് ഉൾപ്പെടെ വിവിധ മേഖലയിലുള്ള വിദഗ്ധർ ഡിസ്ട്രിക്ട് റിസോഴ്സ് സെന്ററുകളിൽ സേവനം നൽകിവരുന്നു. ഡിസ്ട്രിക്ട് റിസോഴ്സ് സെന്ററുകൾ മുഖേന കഴിഞ്ഞ രണ്ട് വർഷത്തിൽ 10545 കുട്ടികൾക്ക് വിദഗ്ധ സേവനവും ആയതിന്റെ ഫോളോ അപ്പും നൽകാൻ സാധിച്ചിട്ടുണ്ട്. കുട്ടികൾ വീട് വിട്ടിറങ്ങുന്നതുൾപ്പെടെ വിവിധ തരത്തിലുള്ള കുട്ടികളുടെ പ്രശ്നങ്ങളെ ശാസ്ത്രീയമായി കൈകാര്യം ചെയ്യാൻ കഴിയുന്ന റിസോഴ്സ് ഹബ്ബായി ഡിസ്ട്രിക് റിസോഴ്സ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

## കാവൽ & കാവൽ പ്ലസ്:

സമൂഹത്തിലെ വളരെ വൾണറബിളായതും പൂർണ്ണമായും പിന്തുണ ആവശ്യമായതുമായ കുട്ടികളുടെ സാമൂഹ്യാധിഷ്ഠിത പുനരധിവാസ പദ്ധതിയാണ് കാവൽ & കാവൽ പ്ലസ്. നിയമവുമായി പൊരുത്തപ്പെടാത്തതും ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ളതുമായ വിവിധ തരത്തിലുള്ള സ്വാഭാവിക-വൈകാരിക പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതുമായ കുട്ടികൾക്ക് കൃത്യമായ പിന്തുണ ആവശ്യമാണ്. കാവൽ പദ്ധതിയിലൂടെ ഇത്തരം കുട്ടികൾക്ക് ബയോ-സൈക്കോ-സോഷ്യൽ പിന്തുണ നൽകി സാമൂഹ്യാധിഷ്ഠിത പുനരധിവാസം ഉറപ്പാക്കുന്നു. പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയശേഷം കുട്ടികൾവീണ്ടും കുറ്റകൃത്യത്തിൽ ഏർപ്പെടുന്ന സാഹചര്യം 13%-ത്തിൽനിന്നും 3.3% ആയി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട് എന്നത് സംസ്ഥാനത്തിന്റെ വലിയൊരു നേട്ടമാണ്. സമൂഹത്തിലെ വളരെ വൾണറബിളായതും പൂർണ്ണമായും പിന്തുണ ആവശ്യമായതുമായ തരത്തിൽ കണ്ടെത്തുന്ന കുട്ടികളെ നിരന്തരമായ ഫോളോ അപ് നടത്തി സാമൂഹ്യാധിഷ്ഠിത പുനരധിവാസത്തിനായി ടി പദ്ധതിയിൽ ഉൾപ്പെടുത്തുകയും ശാശ്വതമായ പുനരധിവാസം ഉറപ്പാക്കുകയും ചെയ്തുവരുന്നു. വിവിധ കാരണങ്ങളാൽ വീട് വിട്ടിറങ്ങുന്നതും കാണാതാകുന്നതുമായ കുട്ടികളെ

കണ്ടെത്തുന്ന സാഹചര്യത്തിൽ ടി പദ്ധതിയുടെ സേവനങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുന്നുണ്ട്.

ചിരി ഹെൽപ്പ് ലൈൻ:

കുട്ടികളിലെ പെരുമാറ്റ വൈകല്യങ്ങൾ, വൈകാരികവും വ്യക്തിപരവുമായ പ്രശ്നങ്ങൾ, പഠന പ്രശ്നങ്ങൾ, ശാരീരികമായ വെല്ലുവിളികൾ എന്നിവയെക്കുറിച്ചുള്ള വിവരം നൽകുന്നതിനും പരാതികൾ അറിയിക്കുന്നതിനും കേരള പോലീസിന്റെ ചിരി ഹെൽപ്പ് ലൈൻ (9497900200) 24x7 പ്രവർത്തിച്ചുവരുന്നു.

HOPE:

കേരള പോലീസിന്റെ ഭാഗമായി പരീക്ഷകളുമായി ബന്ധപ്പെട്ട് കുട്ടികളിലുണ്ടാകുന്ന മാനസിക സംഘർഷം കുറയ്ക്കുന്നതിനുവേണ്ട മാർഗനിർദേശങ്ങൾ നൽകുന്നതിനായി 'HOPE' പ്രോജക്ടിന്റെ സേവനവും പ്രയോജനപ്പെടുത്തിവരുന്നുണ്ട്. കുട്ടികൾ വീട് വിട്ടിറങ്ങുന്നത് ഏതെങ്കിലും ഒരു പ്രത്യേക കാരണംകൊണ്ട് മാത്രമായിരിക്കില്ല. മറിച്ച് കുട്ടിയുടെ വൾണറബിലിറ്റി, ശാസ്ത്രീയമായ രക്ഷാകർതൃത്വത്തിന്റെ അഭാവം, ജീവിത നൈപുണിയുടെ കുറവ് ഉൾപ്പെടെയുള്ള വിവിധ മാനസിക സാമൂഹിക

പരിതസ്ഥിതി ഇതിന് കാരണമാകാം. അതെല്ലാം ഉൾകൊണ്ട് കൃത്യമായ ഇടപെടൽ നടത്തിയാൽ മാത്രമെ ഇക്കാര്യത്തിൽ പ്രതിരോധിക്കാൻ സാധിക്കുകയുള്ളൂ. ഇതിനായി സാമൂഹ്യ ബോധവൽക്കരണം, വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിച്ച് ഈ വിഷയത്തിൽ കൂടുതൽ സമഗ്രമായി ഇടപെടുന്നതിനും പരിഹാരമുണ്ടാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള പദ്ധതികൾ നടപ്പാക്കുന്നതാണ്.

## അനുബന്ധം-29

**കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ മാലിന്യ സംസ്കരണ പ്ലാന്റുമായി ബന്ധപ്പെട്ട ശ്രീ. വി. ആർ. സുനിൽകുമാർ എം.എൽ.എ.- യുടെ സബ്മിഷന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി നൽകിയ മറുപടി**

കൊടുങ്ങല്ലൂർ താലൂക്കാസ്ഥാനാശുപത്രിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2014-2015 സാമ്പത്തിക വർഷത്തിൽ 55 ലക്ഷം രൂപയും (28-11-2014-ലെ സർക്കാർ ഉത്തരവ് G.O (Rt) No.3839/2014/H&FWD) 2019-2020 സാമ്പത്തിക വർഷത്തിൽ 55 ലക്ഷം

രൂപയുടെ (03-06-2019-ലെ സർക്കാർ ഉത്തരവ് G.O (Rt)No. 1337/2019/H&FWD) ചേർത്ത് ആകെ 1.10 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ഈ തുക തൃശ്ശൂർ പൊതുമരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് സാങ്കേതിക പരിമിതിയുള്ളതിനാൽ ഈ പ്രവൃത്തി നിപുണരായ മറ്റേതെങ്കിലും ഏജൻസിക്ക് കൈമാറ്റം ചെയ്യുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടതിനെത്തുടർന്ന്, 09-10-2020-ലെ സർക്കാർ ഉത്തരവ് G.O. (Rt)No.1846/2020/H&FWD പ്രകാരം ഹിന്ദുസ്ഥാൻ പ്രീഫാബ് എന്ന ഏജൻസിയെ നിർവഹണ ഏജൻസിയായി ചുമതലപ്പെടുത്തി ഉത്തരവാവുകയും ചെയ്തിരുന്നു. എന്നാൽ പൊതുമരാമത്ത് വകുപ്പിന് നൽകിയ ഫണ്ട് തിരികെ ലഭിക്കാത്തതിനാൽ ഈ സ്ഥാപനം പ്രവൃത്തിയിൽനിന്നും പിന്മാറിയതായി ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിക്കുകയുണ്ടായി. പിന്നീട് ഈ പ്രവൃത്തി പൊതുമരാമത്ത് വകുപ്പുതന്നെ ഏറ്റെടുത്ത് നടത്താമെന്ന് പൊതുമരാമത്ത് വകുപ്പ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി. 21-12-2023-ൽ തൃശ്ശൂർ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ഇത് സംബന്ധിച്ച ഡി.പി.ആർ. തയ്യാറാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള WASCON-ന് നിർദേശം നൽകിയിട്ടുണ്ടെന്നും അവർ ഡി.പി.ആർ.-ഉം വിശദമായ എസ്റ്റിമേറ്റും 2025 ഏപ്രിൽ മാസത്തിൽ പൊതുമരാമത്ത് വകുപ്പിന് ലഭ്യമാക്കുമെന്നും പുതിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുമ്പോൾ പുതിയ നിരക്കിലുള്ള ജി.എസ്.ടി., ഓപ്പറേഷൻ & മെയിന്റനൻസ് ചാർജ് (O&M) കൂടാതെ പൈപ്പ്‌ലൈൻ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് എന്നിവകൂടി കണക്കിലെടുക്കുമ്പോൾ അധികതുക ആവശ്യമായി വരുമെന്നും പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിട്ടുണ്ട് എന്നതാണ് ലഭ്യമായ വിവരം. നേരത്തെ ഡെപ്പോസിറ്റ് ചെയ്ത തുകയായ 1.10 കോടി രൂപയ്ക്ക് പുറമെ തുക അധികമായി വരുന്ന തുക കൂടി ഡെപ്പോസിറ്റ് ചെയ്യുന്ന മുറയ്ക്ക് മുഴുവൻ പ്രവൃത്തിക്കും ആവശ്യമായ

സാങ്കേതികാനുമതി നൽകി പ്രവർത്തി ടെൻഡർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ചീഫ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പുതുക്കിയ പ്രോജക്ട് റിപ്പോർട്ടും എസ്റ്റിമേറ്റുമായും ബന്ധപ്പെട്ട പ്രൊപ്പോസലൊന്നുംതന്നെ ആരോഗ്യ വകുപ്പിൽ ലഭിച്ചിട്ടില്ല. അത് ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

## അനുബന്ധം-30

<u>അമിതമായി ഫീസ് ഈടാക്കുന്ന ആശുപത്രികളെ നിയന്ത്രിക്കലുമായി ബന്ധപ്പെട്ട് ശ്രീ. എച്ച്. സലാം എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി നൽകിയ മറുപടി</u>

അംഗീകൃത വൈദ്യശാസ്ത്ര സംവിധാനങ്ങളിലുടനീളം പൊതു-സ്വകാര്യ ക്ലിനിക്കൽ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിലൂടെ കേരളത്തിലെ പൊതുജനാരോഗ്യം മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയുള്ള ഒരു സുപ്രധാന നിയമനിർമ്മാണമാണ് കേരള സർക്കാർ 2018-ൽ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് പ്രകാരം

നടപ്പാക്കിയിട്ടുള്ളത്. ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് ഏറ്റവും കുറഞ്ഞ മാനദണ്ഡങ്ങൾ നിശ്ചയിച്ച് ചികിത്സാ നിരക്കുകളും പാക്കേജുകളും പ്രദർശിപ്പിക്കുന്നതിലൂടെ ഗുണനിലവാരമുള്ള ആരോഗ്യ സേവനങ്ങൾ നൽകുന്നുണ്ടെന്ന് ഉറപ്പാക്കുക, മെച്ചപ്പെട്ട ഗുണനിലവാരമുള്ള പരിചരണം, രോഗീ സുരക്ഷ, സുതാര്യത എന്നിവ ഉറപ്പാക്കിക്കൊണ്ട് കേരളത്തിലെ ആരോഗ്യ സംരക്ഷണ മേഖലയിൽ ഗണ്യമായ പുരോഗതി കൈവരിക്കുക എന്നതാണ് ഈ നിയമം നടപ്പാക്കിയതിലൂടെ ലക്ഷ്യമിടുന്നത്.

2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് അനുസരിച്ച് ഏകീകൃത ചികിത്സാ നിരക്ക് നിഷ്കർഷിച്ചിട്ടില്ല. അതിനാൽ സ്വകാര്യ ആശുപത്രികളിലെ ചികിത്സാ നിരക്കുകളുടെ ഏകീകരണം പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ വരുന്നതല്ല. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ്, 2018 വകുപ്പ് 39 (2) പ്രകാരം ഓരോ ക്ലിനിക്കൽ സ്ഥാപനവും അവിടെ നൽകിവരുന്ന ഓരോ തരത്തിലുള്ള സേവനങ്ങൾക്കും ലഭ്യമായ സൗകര്യങ്ങൾക്കും

ഈടാക്കുന്ന ഫീസ് നിരക്കും പാക്കേജ് നിരക്കും രോഗികളുടെ അറിവിലേക്കായി ആ ക്ലിനിക്കൽ സ്ഥാപനത്തിലെ ശ്രദ്ധിക്കപ്പെടുന്ന ഒരു സ്ഥലത്ത് മലയാളത്തിലും അതുപോലെ ഇംഗ്ലീഷിലും പ്രദർശിപ്പിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിലെ വകുപ്പ് 26(2) പ്രകാരം ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥ ലംഘിക്കുന്ന ഏതൊരാളും ഈ ആക്റ്റിൽ മറ്റൊരിടത്തും ശിക്ഷ വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിൽ ആദ്യത്തെ ലംഘനത്തിന് പതിനായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയ്ക്കും രണ്ടാമത്തെ ലംഘനത്തിന് അൻപതിനായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയ്ക്കും തുടർന്നുള്ള ഏതെങ്കിലും ലംഘനത്തിന് അഞ്ച് ലക്ഷം രൂപ വരെയാകാവുന്ന പിഴ ശിക്ഷയ്ക്കും ശിക്ഷിക്കപ്പെടാവുന്നതാണ്. എന്നാൽ ഈ വകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്ന വിധം കുറ്റം ഗുരുതര സ്വഭാവമുള്ളതാണെന്ന് ബന്ധപ്പെട്ട ആൾക്ക് അല്ലെങ്കിൽ ക്ലിനിക്കൽ സ്ഥാപനത്തിന് നോട്ടീസ് നൽകിയശേഷം അന്വേഷണ വിചാരണ നടത്തി കൗൺസിൽ തീരുമാനിക്കുന്ന പക്ഷം പിഴ ശിക്ഷയ്ക്കും പുറമെ ക്ലിനിക്കൽ സ്ഥാപനം അടച്ചുപൂട്ടുന്നതിനും കൗൺസിലിന്

ഉത്തരവിടാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിലെ ചില വകുപ്പുകൾക്കെതിരെ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, കേരള പ്രൈവറ്റ് ഹോസ്പിറ്റൽ അസോസിയേഷൻ, ഇന്ത്യൻ ദന്തൽ അസോസിയേഷൻ, കേരള പ്രൈവറ്റ് ലബോറട്ടറി ഓണേഴ്സ് അസോസിയേഷൻ എന്നിവർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് പെറ്റിഷൻ ഫയൽ ചെയ്തിട്ടുള്ളതും ഹൈക്കോടതി 16-01-2019-ലെ WP (C) 1365/2019-ൽമേൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് പ്രകാരവും അതോടൊപ്പം 20-12-2023-ലെ WP (C) No. 1365/2019, 29353/2019, 27168/2023, 41738/2023 എന്നിവയിന്മേൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരവും ഇക്കാര്യത്തിൽ അന്തിമ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതുവരെ ആക്റ്റിന്റെ കീഴിൽ അപേക്ഷകർ രജിസ്ട്രേഷൻ നേടിയാലും ഫീസ്/പാക്കേജുകൾ പ്രസിദ്ധീകരിക്കണമെന്ന് നിർബന്ധിക്കാൻ പാടുള്ളതല്ലായെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. അതിനാൽ ഫീസ് വിവരം പരസ്യപ്പെടുത്താത്ത ആശുപത്രികൾക്കെതിരെ നിലവിൽ നടപടി

സ്വീകരിക്കാൻ സാധ്യമല്ലാത്ത സാഹചര്യമാണുള്ളത്. ഈ വിധത്തിൽ അമിത ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് നിലവിൽ 68 പരാതികൾ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റിന് ലഭിച്ചിട്ടുണ്ട്. ലഭ്യമായ എല്ലാ പരാതികളും അന്വേഷണത്തിനും റിപ്പോർട്ടിനുമായി ബന്ധപ്പെട്ട ജില്ലാ രജിസ്ട്രേഷൻ അതോറിറ്റിക്ക് അയച്ച് നൽകിയിട്ടുള്ളതാണ്. ലഭിച്ച 68 പരാതികളിൽ കോവിഡ് ചികിത്സയ്ക്ക് അമിത നിരക്ക് ഈടാക്കിയതുമായി ബന്ധപ്പെട്ട 2 ആശുപത്രികൾക്കെതിരെ 10-05-2021-ലെ GO (Rt) No. 1066/2021/H&FWD പ്രകാരം നടപടി സ്വീകരിക്കുന്നതിനായി ജില്ലാ രജിസ്ട്രേഷൻ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുള്ളതുമാണ്. അതിൽ ഒരു ആശുപത്രിക്ക് 10,24,040 രൂപ പിഴ തുക അടയ്ക്കുന്നതിനായാണ് ജില്ലാ മെഡിക്കൽ ഓഫീസർ നിർദേശം നൽകിയിട്ടുള്ളത്.

## അനുബന്ധം-31

**കകുന്നമ്മൽ വോളിബോൾ അക്കാദമി, മയ്യന്നൂർ സ്റ്റേഡിയം എന്നിവയുമായി ബന്ധപ്പെട്ട് ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി നൽകിയ മറുപടി**

1. കുന്നമ്മൽ വോളി അക്കാദമി നിർമ്മാണം

കുന്നമ്മൽ വോളി അക്കാദമി നിർമ്മിക്കാൻ 30-11-2022-ലെ ഉത്തരവ് പ്രകാരം 1 കോടി രൂപയുടെ ഭരണാനുമതി നൽകി. അതുപ്രകാരം, സ്പോർട്സ് കേരള ഫൗണ്ടേഷൻ 19-7-2024-ന് പ്രവൃത്തിയുടെ കരാർ നൽകി പ്രവൃത്തി ആരംഭിച്ചു. ഗ്രൗണ്ട് ഡെവലപ്മെന്റ്, മഡ് കോർട്ട്, ഫെൻസിങ് വാൾ, കോമ്പൗണ്ട് വാൾ, ഫ്ലഡ്ലൈറ്റ് എന്നീ ഘടകങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുന്നത്. പ്രവൃത്തി തുടങ്ങുന്നതിന് റോഡ് ഒരുക്കാൻ വലിയ തോതിൽ മണ്ണുനീക്കവും നികത്തലും പാറകൾ നീക്കലും വേണ്ടിവന്നു. അതാണ് പ്രവൃത്തി തുടങ്ങാൻ വൈകിയത്.

2. കുന്നമ്മൽ വോളിബോൾ അക്കാദമിയുടെ ഹോസ്റ്റൽ

2024-25 ബജറ്റിൽ ഉൾപ്പെട്ട പ്രവൃത്തിയാണ് കുന്നമ്മൽ വോളിബോൾ അക്കാദമിയുടെ ഹോസ്റ്റൽ. വോളിബോൾ അക്കാദമിയുടെ നിർമ്മാണത്തിനായി നിലവിലെ ഭൂമിയിൽ റീട്ടെയിനിങ് വാൾ ചെയ്ത് രണ്ട് തട്ടായി തിരിച്ച് എത്രയും വേഗം ഹോസ്റ്റൽ കെട്ടിടത്തിന് പ്ലാനും ഡിസൈനും തയ്യാറാക്കി, തുടർനടപടി സ്വീകരിക്കുന്നതാണ്.

3. പുറമേരി ഇൻഡോർ സ്റ്റേഡിയം

2024-25 ബജറ്റിൽ ഉൾപ്പെട്ട പുറമേരി ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിന് 2025 ജനുവരിയിൽ 2 കോടി രൂപയുടെ ഭരണാനുമതി നൽകി. ടെക്നിക്കൽ സാങ്ഷൻ നൽകാൻ എസ്റ്റിമേറ്റ് തയ്യാറാക്കി. ഉടൻ ടെക്നിക്കൽ സാങ്ഷൻ അനുവദിച്ച്, കരാർ നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

4. <u>വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിലെ മയ്യന്നൂർ സ്റ്റേഡിയം</u>

'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിയിലെ 124 കളിക്കളങ്ങളുടെ ഒന്നാംഘട്ട ലിസ്റ്റിൽ വില്ല്യാപ്പള്ളി പഞ്ചായത്തിലെ മയ്യന്നൂർ സ്റ്റേഡിയം ഉൾപ്പെട്ടിട്ടില്ല. എം. എൽ. എ. ഫണ്ട് നീക്കിവച്ചതായി കലക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. അതുപ്രകാരം തുടർനടപടികൾ സ്പോർട്സ് കേരളാ ഫൗണ്ടേഷൻ സ്വീകരിച്ചുവരികയാണ്.